# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ മെയ് 2025

## ഫ്രാൻസിസ് പാപ്പ



ജനനം
1936 ഡിസംബർ 17

പൗരോഹിത്യം
1969 ഡിസംബർ 13

മെത്രാൻ
1992 ജൂൺ 27

കർദിനാൾ
2001 ഫെബ്രുവരി 21

പാപ്പ
2013 മാർച്ച് 13

മരണം
2025 ഏപ്രിൽ 21

**DE PAUL INSTITUTE OF SCIENCE & TECHNOLOGY (DiST)**
Affiliated to MG University | Accredited by NAAC with 'A' Grade | Approved by AICTE




## Why DiST?

- Student Incubation Centers
- State of the art Library
- Theatre and Studio Floors
- Collaboration with Foreign Universities
- Clubs & Associations for students development
- Placement Cell for students career progression
- Media & Computer Labs with latest configuration
- Audio Visual & WiFi enabled campus

MANAGEMENT | COMPUTER SCIENCE | SOCIAL WORK
MEDIA & COMMUNICATION | COMMERCE | ENGLISH

## PG PROGRAMMES

- MCA
- INTEGRATED MCA
- M.COM FINANCE & TAXATION
- MA JMC (JOURNALISM & MASS COMMUNICATION)
- MBA
- MA HRM (HUMAN RESOURCE MANAGEMENT)
- MSW

## UG PROGRAMMES

- BBA | BCA | BSW
- B.COM COMPUTER APPLICATIONS
- B.COM FINANCE & TAXATION
- BA ENGLISH LITERATURE, COMMUNICATION & JOURNALISM
- BA MULTIMEDIA
- BA ANIMATION & VISUAL EFFECTS
- B.SC PSYCHOLOGY*
- B.SC HOTEL MANAGEMENT & CULINARY ARTS*

**ADMISSIONS OPEN FOR ACADEMIC YEAR 2024-25**
College bus facilities available
Hostel facilities available for girls and boys

Scan to Register

For more information contact us
admission@depaul.edu
online.depaul.edu.in

+91 484- 2911811
+91 9562911800
De Paul Nagar, Angamaly South
Ernakulam, Kerala - 683 573

*Subject to University Approval



## മുഖമൊഴി

# ആരാണ് നീ...?



**ഫാ. ജോജോ പയ്യപ്പിള്ളി**
ചീഫ് എഡിറ്റർ

**'എല്ലാവരുടെയും ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന ഒരു കഴിവുണ്ടത്രെ;**
**അതെന്തെന്ന് കണ്ടുപിടിക്കാൻ കുറെ കഷ്ടപ്പെട്ട,**
**ഒരു കുട്ടിക്കാലം ഇപ്പോഴും എന്റെ ഉള്ളിൽ**
**ആ കഴിവിനെ തിരഞ്ഞു നടപ്പുണ്ട്...'**

- Unknown Author.

റോഡരികിൽ ഉപേക്ഷിക്കപ്പെട്ട രൂപ ഭംഗിയൊന്നും ഇല്ലാത്ത വലിയ ഒരു കഷ്ണം കല്ല്. അനവധിപേർ അതിനരികിലൂടെ കടന്നുപോകുന്നുണ്ട്. ആ കല്ലിൽ അവരാരും യാതൊരു പ്രത്യേകതയും കാണുന്നില്ല. എന്നാൽ ഒരു ദിവസം, മൈക്കലാഞ്ചലോ എന്ന മഹാനായ ഇറ്റാലിയൻ കലാകാരൻ ആ കല്ല് ശ്രദ്ധിക്കാൻ ഇടയായി . അയാൾ ആ കല്ല് എടുത്ത് കൊണ്ട് അയാളുടെ പണി പുരയിൽ എത്തിച്ചു. ദിവസങ്ങൾ നീണ്ട അധ്വാനത്തിലൂടെ ആ പാറക്കഷണം സുന്ദരമായ ഒരു മാലാഖയുടെ രൂപത്തിലേക്ക് മാറ്റപെട്ടു. പിന്നീട്, ആ കല്ലിന്റെ സൗന്ദര്യം ലോകം മുഴുവൻ അമ്പരപ്പോടെ കാണുകയും അദ്ദേഹത്തിന്റെ കഴിവിനെ പ്രശംസിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ സുഹൃത്ത് മൈക്കലാഞ്ചലയോട് ചോദിച്ചു. എങ്ങനെയാണ് ഒരു രൂപവും ഇല്ലാതിരുന്ന ആ കല്ലിൽ നിന്ന് നിങ്ങൾക്ക് ഇങ്ങനെ സുന്ദരമായ ഒരു ശിൽപം ഉണ്ടാക്കുവാൻ സാധിച്ചത്? ഒരു ചെറുപുഞ്ചിരിയോടെ മൈക്കളാഞ്ചലോ മറുപടി പറഞ്ഞു. **നിങ്ങളെല്ലാവരും ആ കല്ലിനെ കല്ലായി കണ്ടപ്പോൾ ഞാൻ ആ കല്ലിൽ കണ്ടത് മനോഹരമായ ആ മാലാഖയുടെ രൂപമാണ്.**

ഓരോ മനുഷ്യനും ഓരോ സാധ്യതകൾ ആണ്. ഈ സാധ്യതകൾ കണ്ടെത്തുകയാണ് ഏറ്റവും പ്രധാനമായ കാര്യം.ഈ കാലഘട്ടത്തിൽ വളർന്നുവരുന്ന കുട്ടികളുടെ രൂപീകരണം വളരെ പ്രധാനപ്പെട്ടതാണ്. മൈക്കലാഞ്ചലോ ഒരു രൂപവും ഇല്ലാത്ത പാറയിൽ അകകണ്ണ് കൊണ്ട് മാലാഖയെ കണ്ടത് പോലെ തങ്ങളുടെ കൈകളിലേക്ക് ലഭിക്കുന്ന ഓരോ കുട്ടിയിലും, ഓരോ മനുഷ്യരിലും ഒളിഞ്ഞിരിക്കുന്ന പ്രതിഭകളെ കണ്ടെത്തേണ്ടതും പരിപോഷിപ്പിക്കേണ്ടതും അവരുടെ മാതാപിതാക്കളും, അദ്ധ്യാപകരും സമൂഹവും സംയുക്തമായാണ്. കഠിനമായ പരിശ്രമവും പരിശീലനവും ഇല്ലാതെവന്നാൽ ഈ തലമുറയിൽ നിന്നും നിന്ന് ഉൽഭവിക്കാവുന്ന സുന്ദരമായ സാധ്യതകൾ നശിച്ചു പോകും.

ഇന്ന്, കുട്ടികൾക്ക് മദ്യം, സിന്തറ്റിക് ലഹരിദ്രവ്യങ്ങൾ മുതലായ അപകടകരമായ വഴികളിൽ നിന്ന് വിട്ടു നിൽക്കുന്നത് ഒരു വലിയ വെല്ലുവിളിയാണ്. അവർക്ക് വ്യക്തമായ ധാരണയും ശരിയായ നിർദ്ദേശവും നൽകണം. ലഹരിമരുന്നുകളുടെ അപകടഫലങ്ങൾ വിദ്യാലയങ്ങളിലും വീടുകളിലും തുറന്നസംവാദങ്ങളിലൂടെ വിശദീകരിക്കുക, സുരക്ഷിതമായ ഹോബികൾ വളർത്താൻ പ്രോത്സാഹിപ്പിക്കുക, ആത്മസംയമനം പരിശീലിപ്പിക്കുക എന്നിവ ഇതിന് സഹായകമാണ്. കുട്ടികളെ കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നതിലൂടെ അവരുടെ ആത്മവിശ്വാസം വളർത്തുന്നത് രൂപീകരണത്തിലെ പ്രധാനകാര്യം തന്നെയാണ്. പാഠപുസ്തകങ്ങൾക്കപ്പുറത്ത് ജീവിത പാഠങ്ങളും നല്ല സാമൂഹിക സമീപനങ്ങളും കുട്ടികളുടെ വളർച്ചയ്ക്ക് നിർണ്ണായകമാണ്. മാതാപിതാക്കളും അധ്യാപകരും കൂട്ടായി പ്രവർത്തിക്കുമ്പോൾ മാത്രമേ നല്ല നാളേയ്ക്കായി കരുത്തുറ്റ ഒരു സമൂഹം സൃഷ്ടിക്കുവാൻ കഴിയുകയുള്ളൂ. ആത്മവിശ്വാസവും ആത്മബോധവുമുള്ള കുട്ടികൾ മാരകമായ മദ്യസംസ്കാരത്തിന്റെയും ലഹരിയുടെയും ലോകത്തിലേക്ക് വീണ് പോകുവാനുള്ള സാധ്യത കുറവായിരിക്കും.



അറിവിലും മൂല്യത്തിലും മുൻപന്തിയിലായുള്ള പുതിയ തലമുറയെ രൂപപ്പെടുത്താൻ നമുക്ക് ഒന്നുചേർന്ന് കൈകോർക്കാം....





കർത്താവിനുവേണ്ടി തടവുകാരനായിത്തീർന്നിരിക്കുന്ന ഞാൻ നിങ്ങളോടപേക്ഷിക്കുന്നു, നിങ്ങൾക്കു ലഭിച്ചവിളിക്കു യോഗ്യമായ ജീവിതം നയിക്കുവിൻ.
എഫേ 4:1

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ    മെയ് 2025

**രക്ഷാധികാരി**
റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**
ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**
ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ
ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**
ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**
ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**
ഫാ. ലിജോ മാത്യു താണിപ്പിള്ളി
ശ്രീ. സിപ്പി പള്ളിപ്പുറം
ശ്രീ. ജോയ് ഗോതുരുത്ത്
ശ്രീ. ജോസഫ് പനക്കൽ

**ഡി.ടി.പി.**
ശ്രീമതി നിഷ സോജൻ

എഡിറ്റർ, ദിദിമോസ്, വികാസ്,
കോട്ടപ്പുറം – 680 667
ഫോൺ : 8281420078
didimoskottapuram@gmail.com

## താളുകളിൽ

*പൈതൃകാമുഖം*
**പരിശീലനം നല്ല മാറ്റത്തിനായ്** ....................... 4

**ഫ്രാൻസിസ് പാപ്പാ – കരുണയുടെ വലിയ ഇടയൻ** . 6

**എന്നും കൂട്ടായൊരമ്മ** ................................ 9

**വിള ഭൂമിയിലേക്ക് അവനൊപ്പം ഇറങ്ങാൻ** ........ 10

*വിശ്വാസത്തിന്റെ വഴിത്താര*
**വി. കുർബാന** ...................................... 13

**വളം കതിരിൽ പോരാ... വേരിൽ വേണം.** ......... 15

*കറുപ്പ്*
**സർവ്വാഭിലാഷസിദ്ധി** ................................ 17

*കത്തോലിക്കസഭയെ അറിയാം, പഠിക്കാം*
**മുക്കുവന്റെ മോതിരം** ................................ 19

*അയൽക്കൂട്ടം*
**ജൂബിലി വർഷത്തിലെ ഗാർഹികസഭയായ കുടുംബം** ..................... 20

**രൂപത വാർത്തകൾ** ................................ 22

**പിതാവിന്റെ ഡയറി – മെയ്** ........................ 27

**ലോഗോസ് ക്വിസ് ഉത്തരം** .......................... 27

*വചനധ്യാനം*
**2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം** ...... 28





# പരിശീലനം നല്ല മാറ്റത്തിനായ്



**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ

**പ**ഠനവും പരിശീലനവും നമ്മുടെ ജീവിതത്തിന്റെ രണ്ട് കൈവഴികളാണ്. അമ്മയുടെ ഉദരത്തിൽവച്ചുതന്നെ നാം പഠിച്ചുതുടങ്ങുന്നു. മുളംകാട്ടിലെ ഒരു കമ്പ് വെട്ടിമിനുക്കി ഒരു പുല്ലാങ്കുഴൽ ഉണ്ടാക്കുന്നതുപോലെയാണ്. എന്നാൽ ഈ പ്രക്രിയയിൽ പുല്ലാങ്കുഴലും മാറ്റങ്ങൾക്ക് വിധേയമാകുവാൻ തയ്യാറാവണം. പഠനം എന്നു പറഞ്ഞാൽ നമ്മുടെ അറിവിനെ വളർത്തുക, നമുക്കുള്ള സാമർത്ഥ്യങ്ങൾ തിരിച്ചറിയുക, നമുക്കുള്ള വിശ്വാസവും കാഴ്ചപ്പാടുകളും മനസിലാക്കുക, നമുക്കുള്ള ജീവിതശൈലികളും രീതികളും നേരെയാക്കുക, നമുക്കുള്ള ദർശനങ്ങളെ സൂക്ഷ്മത്തോായോടെ വീക്ഷിക്കുക എന്നൊക്കെയാണ്.

നമ്മുടെ പരിശീലനത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അറിവ് നേടൽ. ഈ അറിവ് മൂന്നു വിധത്തിലാണ്: **ഒന്നാമതായി ദൈവത്തെ കുറിച്ചുള്ള അറിവ്.** ഇതിനെ ജ്ഞാനം എന്നുവേണം പറയാൻ ദൈവികജ്ഞാനം നമ്മെ പഠിപ്പിക്കുന്നത്, നമ്മെ എല്ലാവരെയും കൊണ്ടുനടക്കുന്ന ഒരു ദൈവമുണ്ടെന്നും, നമ്മെ സംരക്ഷിക്കുന്ന, കാത്തുപാലിക്കുന്ന, കണ്ണിലെ കൃഷ്ണമണിപോലെ നമ്മെ നയിക്കുന്ന ഒരു ദൈവം ഉണ്ടെന്നുമുള്ള ബോധ്യമാണ്. **രണ്ടാമത്തെ അറിവ് എന്ന് പറഞ്ഞാൽ നമ്മെ കുറിച്ചുള്ള അറിവാണ്.** എനിക്ക് എന്തൊക്കെ കഴിവുണ്ട്, എനിക്ക് എന്തൊക്കെ കുറവുണ്ട്, എന്നൊക്കെയുള്ള ഒരു തിരിച്ചറിവാണിത്. ഇതിനെ ആത്മജ്ഞാനം എന്നുവിളിക്കാം. **മൂന്നാമതായി, മറ്റുള്ളവരെ അറിയുവാനുള്ള ഒരു വലിയ കഴിവാണിത്.** ഇതിനെ ലോകജ്ഞാനമെന്നും വിളിക്കാം. മറ്റുള്ളവരെയും, മറ്റു പ്രസ്ഥാനങ്ങളെയും, പ്രപഞ്ചത്തിലുള്ള മറ്റെല്ലാറ്റിനെയും അറിയുവാനുള്ള കഴിവാണിത്.

Skills എന്നു പറഞ്ഞാൽ കഴിവുകളാണ്. നമുക്ക് പലവിധത്തിലുള്ള കഴിവുകൾ ഉണ്ട്. ചിലപ്പോൾ ഇവയൊക്കെ നമ്മൾ മനസ്സിലാക്കിയിട്ടുണ്ടോയെന്നുപോലും നമുക്കറിയില്ല. എഴുതുവാനും വായിക്കുവാനും ആടാനും പാടാനും കൂട്ടുകൂടാനും ഭാഷകൾ പഠിക്കാനും ഭാഷകൾ മറ്റുള്ളവരുടെ മുമ്പിൽ ഉപയോഗിക്കുവാനുമുള്ള കഴിവുകൾ ഉണ്ട്. ഇതൊക്കെ തിരിച്ചറിയുവാൻ നമ്മുടെ ഉള്ളിലേയ്ക്ക് ഒരുയാത്ര ആവശ്യമാണ്.



*നമുക്കോരോരുത്തർക്കും ക്രിസ്തുവിന്റെ ദാനത്തിനനുസൃതമായി കൃപ നൽകപ്പെട്ടിരിക്കുന്നു.*
എഫേ 4:7

അറിവിനോട് ചേർന്നുനിൽക്കുന്ന മറ്റൊന്നാണ് വിശ്വാസം. മൂന്നുതരത്തിലുള്ള വിശ്വാസം നമ്മുടെ ഓരോ പഠനത്തിലൂടെയും പരിശീലനത്തിലൂടെയും നമുക്ക് ലഭിക്കണം. വീട്ടിൽ നിന്നുകിട്ടുന്ന വിശ്വാസങ്ങളുണ്ട്. അത് അപ്പനും അമ്മയും നൽകുന്നതാണ്. ദൈവാലയത്തിൽ നിന്നുകിട്ടുന്ന വിശ്വാസമുണ്ട്. നമ്മുടെ മതബോധന ക്ലാസുകളിലൂടെ കിട്ടുന്ന വിശ്വാസമുണ്ട്. ഇവിടെ ദൈവവിശ്വാസവും മറ്റുള്ളവരെ വിശ്വസിക്കുവാനുള്ള മനോഭാവവും അതോടൊപ്പംതന്നെ ആത്മവിശ്വാസവും നമ്മൾ പരിശീലിക്കുന്നു.

Habti അല്ലെങ്കിൽ പതിവ് (ശീലം) ഇത് വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ ജീവിതത്തിലെ ഓരോ ശീലങ്ങളുമാണ് നമ്മുടെ പെരുമാറ്റമായിമാറുന്നത്. നമ്മൾ എന്നും കൃത്യസമയത്ത് വരുന്ന ഒരാൾ ആണെങ്കിൽ നമ്മെക്കുറിച്ച് മറ്റുള്ളവർ പറയും അവൻ (അവൾ) കൃത്യത ഉള്ളയാളാണെന്ന്. നമ്മൾ എന്നും വസ്ത്രം വൃത്തിയായി ഉപയോഗിക്കുന്ന ഒരു വ്യക്തിയാണെങ്കിൽ മറ്റുള്ളവർ നമ്മളെക്കുറിച്ച് പറയും ഇയാൾ വൃത്തിയുള്ള ആളാണെന്ന്. മറ്റുള്ളവരോട് സ്നേഹപൂർവ്വം പെരുമാറുന്ന ഒരു വ്യക്തിയാണ് നമ്മളെങ്കിൽ ഒരു സ്നേഹമുള്ള വ്യക്തിയാണെന്ന് മറ്റുള്ളവർ പറയും. നമ്മുടെ പെരുമാറ്റത്തിനെ നിയന്ത്രിക്കുന്ന പാതകളാണ് ശീലങ്ങൾ. ജീവിതത്തിൽ മോശമായ ശീലങ്ങളും പതിവുകളും ഉണ്ടെങ്കിൽ അവയെ മാറ്റുവാനും നമുക്ക് സാധിക്കും. അറ്റോമിക് ഹാബിററ്സ് എന്ന പുസ്തകത്തിലൂടെ ജെയിംസ് ക്ലിയർ എന്ന ഗ്രന്ഥകർത്താവ് പറയുന്നത് ചെറിയമാറ്റങ്ങൾവഴി വലിയ വിജയങ്ങൾ നമുക്ക് നേടിയെടുക്കാൻ സാധിക്കുമെന്നാണ്. ഉദാഹരണത്തിന് അഞ്ച് മിനിറ്റ് നേരത്തെ രാവിലെ എഴുന്നേൽക്കാൻ ശീലമാക്കിയാൽ നമ്മൾ ഒരാഴ്ച കഴിയുമ്പോഴേയ്ക്കും അരമണിക്കൂർ വ്യത്യാസം നമ്മുടെ ജീവിതത്തിൽ സാധിച്ചിരിക്കും. അപ്പോൾ ക്രിയേറ്റീവ് ആയി പലകാര്യങ്ങളും നമുക്ക് ചെയ്യുവാൻ സാധിക്കും. ഇങ്ങനെ ചെറിയ ചെറിയമാറ്റങ്ങൾ വരുത്തിക്കൊണ്ട് നമ്മുടെ വളർച്ചയുടെ പരിശീലന പ്രക്രിയയിലും മാറ്റം വരുത്താൻ സാധിക്കും.

നമ്മുടെ വിദ്യാഭ്യാസംകൊണ്ട് നമുക്ക് ദർശനം ഉണ്ടാവണം നമ്മുടെ ക്ലാസ്മുറികളിൽ പറയുന്നത് വെറുതെ ചർവ്വിതചർവണം പോലെ എടുത്ത് ഉപയോഗിക്കാതെ അർത്ഥവും വ്യാപ്തിയും മനസ്സിലാക്കിക്കൊണ്ട് പ്രാക്റ്റിക്കൽ ആയിട്ടുള്ള അതിന്റെ വിവിധ വശങ്ങളെ തിരിച്ചറിയുവാൻ നമുക്ക് സാധിക്കുമ്പോൾ, നാമെല്ലാവരും ദർശനം ഉള്ളവരായി തീരുന്നു. നമ്മുടെ ചിന്തകൾ ക്ലാസ്മുറികളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നാവാതെ പുറത്തേയ്ക്ക്, ലോകത്തിലെ നിരവധി വശങ്ങളിലേക്ക് വളരുന്ന രീതിയിൽ മാറണം.

ഈശോയെക്കുറിച്ച് ലൂക്കായുടെ സുവിശേഷം 2:52 ൽ ഇപ്രകാരം പറയുന്നു. 'യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു' എന്ന്. ഈശോ തന്റെ ജീവിതത്തിൽ നേടിയെടുത്ത അറിവ്, കഴിവ്, വിശ്വാസം, ശീലം, ദർശനം എന്നിവ ദൈവമക്കളായ നമ്മൾ ഓരോരുത്തരും ആർജ്ജിച്ചെടുക്കേണ്ടതാവശ്യമാണ്. പുതിയ അധ്യയന വർഷത്തിലേക്ക് കടക്കുമ്പോൾ, മതബോധന പരിശീലനത്തിലേക്ക് കടക്കുമ്പോൾ, ദൈവ വിളിയിലേക്ക് ആഗ്രഹിച്ചു നിൽക്കുമ്പോൾ നമുക്ക് ചിന്തിക്കാം: എന്റെ അറിവുകൊണ്ട് ഈ ലോകത്തെയും ഞാനായിരിക്കുന്ന ഇടങ്ങളിലുമൊക്കെ വെളിച്ചമാകുവാനും, വെളിച്ചമേകുവാനും സാധിക്കുന്നുണ്ടോയെന്ന്. മത്തായിയുടെ സുവിശേഷം 5:13 മുതൽ 16 വരെയുള്ള ഭാഗത്ത് 'നിങ്ങൾ ഭൂമിയുടെ ഉപ്പാണ്, ലോകത്തിന്റെ പ്രകാശമാണ്' എന്ന് പറയുന്നു. അതിനുള്ള കൃപാവരം നിങ്ങൾക്ക് ഏവർക്കും ഈ അധ്യയന വർഷത്തിൽ ഉണ്ടാവട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. ■



# ഫ്രാൻസിസ് പാപ്പാ
# കരുണയുടെ വലിയ ഇടയൻ

(ഫ്രാൻസിസ് പാപ്പയുടെ ജീവിതത്തിലൂടെയുള്ള ഒരു യാത്ര)



**ഫാ. ജാംലാൽ സെബാസ്റ്റ്യൻ കുര്യാപ്പിള്ളി**

**1936** ഡിസംബർ 17 ന് അർജന്റീനയിലെ ബുവനസ് ഐറിസിൽ, മാരിയോ ഹൊസെ ബെർഗോളിയോയുടെയും റെജീന മരിയ സീവോറിയുടെയും അഞ്ചു മക്കളിൽ മൂത്തമകനായി ഹോർഗെ മാരിയോ ബെർഗോളിയോ ജനിച്ചു. പിതാവ് മാരിയോ വടക്കേ ഇറ്റലിയിലെ പിയെമോന്തേ പ്രവിശ്യയിൽ നിന്നും കുടിയേറിയതായിരുന്നു; മാതാവ് റെജീനയുടെ കുടുംബവും വടക്കേ ഇറ്റലിയിൽ നിന്നും അർജന്റീനയിലേക്ക് കുടിയേറിയതായിരുന്നു. പ്രാഥമിക പഠനങ്ങൾക്ക് ശേഷം 1958 ൽ ഈശോസഭയിൽ ചേരുകയും 1960 ൽ നിത്യവ്രത വാഗ്ദാനം നടത്തുകയും ചെയ്തു. 1960 ൽ തത്വശാസ്ത്രത്തിൽ ലൈസൻഷ്യേറ്റ് ഡിഗ്രി കരസ്ഥമാക്കിയശേഷം 1964–1966 വർഷങ്ങളിൽ വിവിധ സ്കൂളുകളിൽ തത്വശാസ്ത്രവും സൈക്കോളജിയും പഠിപ്പിച്ചു. 1967 ൽ ദൈവശാസ്ത്ര പഠനം ആരംഭിക്കുകയും 1969 ഡിസംബർ 13 ന് ആർച്ച്ബിഷപ് റമോൺ ഹൊസെ കസല്ലാനോയിൽ നിന്ന് പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു. തുടർന്ന്, ഈശോസഭയിലെ സന്ന്യാസാർഥികൾക്ക് പരിശീലനം നൽകുന്ന നോവിസ് മാസ്റ്റർ ആയി സേവനം ചെയ്തു. 1973–1979 കാലഘട്ടത്തിൽ അർജന്റീനയിലെ ഈശോ സഭയുടെ പ്രൊവിൻഷ്യൽ ആയി നിയമിതനായി. 1980 മുതൽ ആറ് വർഷക്കാലം സാൻ മിഗുവേൽ തത്വശാസ്ത്ര – ദൈവശാസ്ത്ര ഫാക്കൽറ്റിയുടെ റെക്ടർ ആയി പ്രവർത്തിച്ചു. തുടർന്ന് ഏതാനും മാസങ്ങൾ ഫ്രാങ്ക്ഫുർട്ടിലെ സാങ്ത് ഗെർഗെൻ ഗ്രാജുവേറ്റ് സ്കൂളിൽ ഉന്നത പഠനത്തിനായി ചെലവഴിച്ചുവെങ്കിലും അത് പൂർത്തിയാക്കാതെ അർജന്റീനയിലേക്ക് തിരിച്ചു പോരുകയാണുണ്ടായത്. തിരിച്ചെത്തിയ ഫാ. ബെർഗോളിയോ കോർദൊബായിലുള്ള ഈശോസഭ കമ്മ്യൂണിറ്റിയിൽ കുമ്പസ്സാരക്കാരനായും ആൽമീയ ഉപദേഷ്ടാവായും പ്രവർത്തിച്ചു.

1992 ൽ ഔകാ രൂപതയുടെ സ്ഥാനിക മെത്രാനായും ബുവനസ് ഐറിസ് അതിരൂപതയുടെ സഹായ മെത്രാനായും നിയമിതനാകുകയും ആ വർഷം തന്നെ ജൂൺ 27 ന് അതിരൂപതാധ്യക്ഷനായ കാർഡിനൽ അന്തോണിയോ ക്വറാച്ചിനോയിൽ നിന്ന് മെത്രാൻ പട്ടം സ്വീകരിക്കുകയും ചെയ്തു. മെത്രാന്റെ മുദ്രാവാക്യം എന്ന നിലയിൽ സ്വീകരിച്ചത് 'miserando atque eligendo' (കരുണ തോന്നുകയുംതെരഞ്ഞെടുക്കുകയും ചെയ്തു) എന്നതായിരുന്നു. ഈ വാക്യം, ചുങ്കക്കാരനായ മത്തായിയെ വിളിക്കുന്നതിനെ അധികരിച്ച് വി. ബീഡ് നടത്തിയ പ്രഭാഷണത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ്. വി. ബീഡ് പറയുന്നത്, കരുണാർദ്രമായ കണ്ണുകളാൽ യേശു മത്തായിയെയാണുകയും

അങ്ങനെ അവനെ തെരഞ്ഞെടുക്കുകയും ചെയ്തു എന്നാണ്. 1997 ജൂൺ 3 ന് ബുവനസ് ഐറിസ് അതിരൂപതയുടെ പിന്തുടർച്ചാവകാശമുള്ള ആർച്ച്ബിഷപ് ആയി നിയമിതനാകുകയും 1998 ഫെബ്രുവരി 28 ന് ആർച്ച്ബിഷപ്പായി സ്ഥാനം ഏൽക്കുകയും ചെയ്തു. ആർച്ച്ബിഷപ്പ് എന്ന നിലയിൽ ബെർഗോളിയോയുടെ ശ്രദ്ധപതിഞ്ഞത് നഗരത്തിലെ പാവപ്പെട്ടവർ താമസിക്കുന്ന ചേരികളിൽ ആയിരുന്നു. ആ പ്രദേശങ്ങളിലെ അജപാലനത്തിനായി കൂടുതൽ വൈദികരെ നിയമിക്കുകയും വ്യക്തിപരമായി മെത്രാപ്പോലീത്ത സന്ദർശനങ്ങൾ നടത്തുകയും ചെയ്യുമായിരുന്നു.



2001 ൽ ജോൺ പോൾ രണ്ടാമൻ പാപ്പാ അദ്ദേഹത്തെ കർദിനാളായി ഉയർത്തി. 2005 മുതൽ 2011 വരെ അർജന്റീനിയൻ ബിഷപ്സ് കോൺഫെറൻസിന്റെ പ്രസിഡന്റ് ആയി പ്രവർത്തിച്ചു. 2005 ൽ ജോൺ പോൾ രണ്ടാമൻ പാപ്പാ കാലംചെയ്തപ്പോൾ നടന്ന കോൺക്ലേവിൽ പാപ്പായാകാൻ സാധ്യതയുള്ളവരുടെ ലിസ്റ്റിൽ കാർഡിനൽ ബെർഗോളിയോയും ഉണ്ടായിരുന്നതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. എന്നാൽ, അന്ന് കാർഡിനൽ ജോസഫ് റാറ്റ്സിങ്ങർ പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് **2013 ൽ നടന്ന കോൺക്ലേവിൽ മാർച്ച് 13 ന് കാർഡിനൽ ബെർഗോളിയോ പാപ്പായായി തെരഞ്ഞെടുക്കപ്പെടുകയും ഫ്രാൻസിസ് എന്ന പേര് സ്വീകരിക്കുകയും ചെയ്തു.**

ലാറ്റിൻ അമേരിക്കയിൽ നിന്നുള്ള ആദ്യത്തെ പാപ്പ; ജെസ്റ്റ്യൂട്ട് സന്ന്യാസ സഭയിൽ നിന്നുള്ള ആദ്യത്തെ പാപ്പ; ഇറാക്ക്, കോഴ്സിക്ക ദ്വീപ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് സന്ദർശനം നടത്തിയ ആദ്യത്തെ പാപ്പ. ഇങ്ങനെ പല കാര്യങ്ങളിലും ആദ്യത്തേത് എന്ന വിശേഷണം ഫ്രാൻസിസ് പാപ്പായ്ക്കുണ്ട്. സഭാ ഭരണത്തിൽ തന്നെ സഹായിക്കാൻ കർദിനാൾമാരുടെ ഒരു പ്രത്യേക കൗൺസിൽ രൂപീകരിച്ചതും, റോമൻ കൂരിയായിലെ പ്രധാനപ്പെട്ട സ്ഥാനങ്ങളിലേക്ക് സ്ത്രീകളെയും അല്മായരെയും നിയമിച്ചതും, ലോകമെമ്പാടുമുള്ള ദൈവജനത്തോടുള്ള കൂടിയാലോചനകളിലൂടെ ഒരുക്കം നടത്തിയ ശേഷം ഒരു സിനഡ് വിളിച്ചുകൂട്ടിയതും അടക്കം പലകാര്യങ്ങളും ആദ്യമായി ചെയ്തത് ഫ്രാൻസിസ് പാപ്പയാണ്. എന്നാൽ ഇതൊക്കെ ചെയ്തത് തന്റെ അജപാലന കാലഘട്ടത്തിൽ പുതിയ റെക്കോർഡുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയല്ല. മറിച്ച്, തുടർന്നുകൊണ്ട് പോകേണ്ട ചില പ്രക്രിയകൾക്ക് (processes) തുടക്കം ആയിട്ടായിരുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കും. ഇങ്ങനെ പലകാര്യങ്ങളും പുതുതായി ചെയ്തുകൊണ്ട് സഭയ്ക്ക് മാത്രമല്ല ലോകത്തിനു തന്നെ ഒരു പുതിയ ദിശാബോധം നൽകുവാൻ ഫ്രാൻസിസ് പാപ്പയ്ക്ക് സാധിച്ചു.

ഫ്രാൻസിസ് പാപ്പയുടേതായി നാല് ചാക്രികലേഖനങ്ങൾ ആണ് ഉള്ളത്: ദൈവത്തിലുള്ള വിശ്വാസത്തെക്കുറിച്ച് 2013 ജൂൺ 29 ന് പുറത്തിറക്കിയ 'വിശ്വാസത്തിന്റെ വെളിച്ചം' (Lumen fidei); പരിസ്ഥിതിയെക്കുറിച്ചും കാലാവസ്ഥാ പ്രതിസന്ധിയിൽ മനുഷ്യവർഗത്തിനുള്ള ഉത്തരവാദിത്വത്തെക്കുറിച്ചും പ്രതിപാദിക്കുന്ന, 2015 മെയ് 24 ലെ 'അങ്ങേക്ക് സ്തുതി' (Laudato Si'); മനുഷ്യർ തമ്മിൽ ഉണ്ടായിരിക്കേണ്ട സഹോദര്യത്തെക്കുറിച്ച് വിശകലനം ചെയ്യുന്ന, 2020 ഒക്ടോബർ 3 ലെ 'സർവ്വ

രും സോദരർ' (Fratelli tutti); യേശുവിന്റെ തിരുഹൃദയത്തോടുള്ള ഭക്തിയെക്കുറിച്ചുള്ള 2024 ഒക്ടോബർ 24 ലെ 'അവൻ നമ്മെ സ്നേഹിച്ചു' (Dilexit nos). ഏഴ് അപ്പോസ്തോലിക പ്രബോധനങ്ങളും, 39 അപ്പോസ്തോലിക കോൺസ്റ്റിട്യൂഷനുകളും ധാരാളം അപ്പോസ്തോലിക എഴുത്തുകളും ഫ്രാൻസിസ് പാപ്പയുടേതായുണ്ട്.

10 കൺസിസ്റ്ററികളിലായി 76 രാജ്യങ്ങളിൽ നിന്നായി 163 പുതിയ കർദിനാൾമാരെയാണ് ഫ്രാൻസിസ് പാപ്പാ നിയമിച്ചത്. ഇതുവരെ കർദിനാൾ ഇല്ലാതിരുന്ന രാജ്യങ്ങളിൽ നിന്നും കർദിനാൾമാരെ തെരഞ്ഞെടുത്തുകൊണ്ട് സഭയുടെ സാർവത്രിക സ്വഭാവം കൂടുതൽ വ്യക്തമാക്കി. മദർ തെരേസ, ചാവറ കുര്യാക്കോസ്, എവുപ്രാസ്യമ്മ, മറിയം ത്രേസ്യ, ദേവസഹായംപിള്ള അടക്കം 942 പേരെ വിശുദ്ധരായി പ്രഖ്യാപിച്ചു. വിവിധ വിശുദ്ധ വർഷങ്ങൾ പ്രഖ്യാപിച്ചു: **സമർപ്പിതരുടെ വർഷം (2015-2016), വി. യൗസേപ്പിതാവിന്റെ വർഷം (2020-2021), കുടുംബത്തിന്റെ വർഷം (2021-2022). കരുണയുടെ അസാധാരണ ജൂബിലി വർഷവും (2015-2016) 2025 ലെ സാധാരണ ജൂബിലി വർഷവും പ്രഖ്യാപിച്ചു.**

ഫ്രാൻസിസ് പാപ്പായുടെ അജപാലന കാലഘട്ടത്തിലെ പ്രധാന സന്ദേശം കരുണയാണ്. അതുകൊണ്ടാണ്, കരുണയുടെ അസാധാരണ ജൂബിലി വർഷം ആചരിക്കുവാൻ ആഹ്വാനം ചെയ്തത്. ദൈവത്തിന്റെ കരുണയെക്കുറിച്ച് പഠിപ്പിച്ചപ്പോൾ തന്നെ മറ്റുള്ളവർക്ക് എങ്ങനെ ദൈവത്തിന്റെ കരുണയുടെ സാന്ത്വനം പകരാം എന്ന് പാപ്പാ കാണിച്ചു തന്നു. പാവപ്പെട്ടവരും സമൂഹത്തിൽ അരികുവൽക്കരിക്കപ്പെട്ടിരിക്കുന്നവരും വേദനകൾ അനുഭവിക്കുന്നവരും പാപ്പായുടെ അജപാലനശുശ്രൂഷയിൽ മുൻപന്തിയിൽ ഉണ്ടായിരുന്നു. പരമാചാര്യ ശുശ്രൂഷ ഏറ്റെടുത്ത് ആദ്യമായി റോമിന് പുറത്തേക്ക് നടത്തിയ യാത്ര യൂറോപ്പിലേക്ക് വരുന്ന അഭയാർഥികളുടെ പ്രവേശന കവാടമായ ലാമ്പദുസയിലേക്ക് ആയിരുന്നു. കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും എതിരെയുള്ള നയങ്ങൾ എടുത്ത ഭരണാധിപന്മാർക്കെതിരെ ശക്തമായ ഭാഷയിൽ സംസാരിച്ചു. മനുഷ്യനെ അകറ്റി നിർത്തുന്ന മതിലുകൾ അല്ല പരസ്പരം ബന്ധിപ്പിക്കുന്ന പാലങ്ങളാണ് നിർമ്മിക്കേണ്ടതെന്നു ആഹ്വാനം ചെയ്തു. കരുണയുടെ ജൂബിലി വർഷത്തിൽ വെള്ളിയാഴ്ചകൾ തോറും പാവപ്പെട്ടവരും സമൂഹത്തിലെ അവഗണിക്കപ്പെടുന്നവരും ആയവർക്കുള്ള കേന്ദ്രങ്ങളിൽ സന്ദർശനങ്ങൾ നടത്തി തന്റെ ഹൃദയം അവർക്കൊപ്പമാണെന്ന് വ്യക്തമാക്കി. പെസഹാവ്യാഴാഴ്ച്ചകളിലെ പാദക്ഷാളന കർമത്തിന് ജയിലുകളും നഴ്സിംഗ് ഹോമുകളും അഭയാർത്ഥികളെ സ്വീകരിക്കുന്ന കേന്ദ്രങ്ങളും മറ്റെതെരഞ്ഞെടുത്തുകൊണ്ട് പാർശ്വവത്കരിക്കപ്പെടുന്നവരോടുള്ള തന്റെ സാമീപ്യം പ്രകടമാക്കി. ഗാസ ആക്രമിക്കപ്പെട്ടപ്പോൾ അവിടെയുള്ള ഏക കത്തോലിക്കാ ഇടവകയിലേക്ക് അനുദിനം എന്നവണ്ണം ഫോൺവിളിച്ചുകൊണ്ട് തന്റെ പൈതൃക സ്നേഹം പകർന്നു.



അന്താരാഷ്ട്ര പ്രശ്നങ്ങളിൽ പാപ്പാ നടത്തിയ ഇടപെടലുകൾ പ്രധാനപ്പെട്ടവയാണ്. അമേരിക്കയും ക്യൂബയും തമ്മിലുള്ള ഡിപ്ലോമാറ്റിക് ബന്ധം പുനഃസ്ഥാപിക്കാൻ മധ്യസ്ഥത വഹിച്ചത് ഫ്രാൻസിസ് പാപ്പായാണ്. ഇസ്രായേൽ -പലസ്തീൻ പ്രശ്നത്തിലും സമാധാനത്തിനായി



ആകയാൽ, സഹോദരരേ, നിങ്ങളുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പിക്കുന്നതിൽ കൂടുതൽ ഉത്സാഹമുള്ളവരായിരിക്കുവിൻ. ഇങ്ങനെചെയ്താൽ ഒരിക്കലും നിങ്ങൾ വീണുപോവുകയില്ല.
2 പത്രോ 1:10

പരിശ്രമിച്ചു. 2015 ൽ രണ്ടു രാഷ്ട്രത്തിന്റെയും പ്രസിഡന്റുമാരെ ഒരു പ്രാർത്ഥനാ സംഗമത്തിനായി വിളിച്ചു കൂട്ടുകയും സമാധാനം സ്ഥാപിക്കാനായി ആഹ്വാനം നടത്തുകയും ചെയ്തു. 2023 ൽ ഇസ്രായേൽ -പലസ്തീൻ ബന്ധം വഷളായപ്പോൾ, അക്രമം കൊണ്ട് അക്രമത്തെ നീതീകരിക്കാൻ ആകില്ല എന്ന് പറയുകയും അക്രമം അവസാനിപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. റഷ്യ-യുക്രയിൻ യുദ്ധത്തിലും യുദ്ധം അവസാനിപ്പിക്കാനും മാനുഷിക അവകാശങ്ങൾ ലംഘിക്കപ്പെടാതിരിക്കാൻ നടപടികൾ സ്വീകരിക്കാനും ആവശ്യപ്പെട്ടു.

ഫ്രാൻസിസ് പാപ്പാ ഇറ്റലിക്ക് പുറത്ത് 47 അപ്പോസ്തോലിക യാത്രകളിലായി 68 രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. പലരും കൗതുകത്തോടെ കാത്തിരുന്ന ഒരു യാത്ര മാത്രം ഫ്രാൻസിസ് പാപ്പ നടത്തിയില്ല, തന്റെ സ്വന്തം രാജ്യമായ അർജന്റീനയിലേക്കുള്ളയാത്ര. 2013 ൽ കോൺക്ലേവിനായി അർജന്റീന വിട്ടു പോന്നിട്ട് ഒരിക്കൽ പോലും ഒരു തിരിച്ചു പോക്ക് ഉണ്ടായില്ല. കാരണം, എവിടെയെല്ലാം പോയോ അവിടം എല്ലാം ഫ്രാൻസിസ് പാപ്പായ്ക്ക് സ്വന്തം ഭവനം ആയിരുന്നു, കണ്ടുമുട്ടിയ ഓരോ വ്യക്തിയും തന്റെ സ്വന്തം സഹോദരനും സഹോദരിയും.

**ഫ്രാൻസിസ് പാപ്പായുടെ
പാവനസ്മരണയ്ക്കു മുന്നിൽ
ആദരാഞ്ജലികളോടെ...**

# എന്നും കൂട്ടായൊരമ്മ



**ആഷ്‌ലി തോമസ് ഒളാട്ടുപുറത്ത്**
**തുരുത്തിപ്പുറം**

**ഞാ**നുണർന്നെന്നും അമ്മയുടെ പക്കൽ അണയുന്ന നിമിഷം
ആ മുഖശോഭയാൽ എന്നെ പ്രകാശിതമാക്കുമമ്മ
നിൻ സ്തുതി ഗീതികൾ ആലപിക്കുമ്പോൾ
അമ്മേ നിൻ മൃദു സ്പർശനത്താൽ
മാറോട് ചേർക്കുന്നത് ഞാൻ അറിയുന്നു.

സന്ധ്യാപ്രാർത്ഥന ഭക്തിപൂർണ്ണമാവുമ്പോൾ
പ്രാർത്ഥനാ മുറിയിലൂടെ ഒഴുകുന്ന സ്നേഹത്താൽ
ഉരുകി തീരുന്ന മെഴുതിരി നാളത്തിൽ
വർണ്ണനാതീതമാം ചെറുപുഞ്ചിരിയാലുള്ള രൂപം
അമ്മയിലേക്കടുപ്പിക്കുന്നതും ഞാൻ അറിയുന്നു.



ഇരുളിലും പ്രകാശത്തിൻ ജപമാല നെഞ്ചോട് ചേർത്ത്
അമ്മേ നിൻ നാമത്തിൽ പ്രാർത്ഥിക്കുമ്പോൾ
കൂട്ടായി, തണലായി എന്നെന്നും നിന്റെ കൂടെയുണ്ടെന്ന്
എൻ കരംപിടിച്ചമ്മ, വാത്സല്യപൂർണ്ണമായ്
എന്നെ തഴുകീടുന്നതും ഞാൻ അറിഞ്ഞിടുന്നു.



# വിള ഭൂമിയിലേക്ക് അവനൊപ്പം ഇറങ്ങാൻ...

സിസ്റ്റർ അഖില റോസ് CTC

*“വിളവധികം; വേലക്കാരോ ചുരുക്കം.*
*അതിനാൽ, തന്റെ വിളഭൂമിയിലേക്ക്*
*വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ”*
( മത്തായി 9: 37–38).

**പൗ**രോഹിത്യ സന്യാസ ദൈവവിളിയുമായി ബന്ധപ്പെട്ട് നാം ആവർത്തിച്ചു കേൾക്കുന്ന തിരുവചന ഭാഗമാണിത്. ക്രിസ്തുവിന്റെ വിളഭൂമിയിൽ വേല ചെയ്യുവാനുള്ള താല്പര്യം തന്നെ ഇന്നു കുറഞ്ഞു വരികയാണ്. സന്യസ്ത പൗരോഹിത്യ ജീവിതത്തിലേക്ക് മാത്രമല്ല, കുടുംബജീവിതത്തിന്റെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ പോലും യുവതലമുറ മടിച്ചു നിൽക്കുന്ന കാലഘട്ടമാണിത്. പണ്ട് നമ്മുടെയൊക്കെ ഭവനങ്ങളിൽ കൂടുതൽ മക്കളും, സ്ഥിരമായുള്ള കുടുംബ പ്രാർത്ഥനകളും പങ്കുവയ്ക്കലുമൊക്കെ ഉണ്ടായിരുന്നു. എന്നാൽ ഭൗതിക സുഖങ്ങൾക്ക് പ്രാധാന്യമേറിയതോടെ മക്കളുടെ എണ്ണം കുറഞ്ഞു. മാധ്യമങ്ങളുടെ അതിപ്രസരം കുടുംബ ബന്ധങ്ങളെ കീഴടക്കാൻ തുടങ്ങി. വ്യക്തി സ്വാതന്ത്ര്യത്തിന് പ്രാധാന്യമേറുകയും മൂല്യാധിഷ്ഠിത ജീവിതത്തിന് പ്രാധാന്യമില്ലാതാവുകയും ചെയ്തു. കൂടാതെ വൈകിയുള്ള വിവാഹവും കുട്ടികൾ വേണ്ടെന്ന തീരുമാനവും വേറെയും. കുടുംബബന്ധങ്ങൾ ശിഥിലമായിത്തുടങ്ങി. കുടുംബ പ്രാർത്ഥനകളും അന്യമായി. ഭൗതിക സുഖങ്ങൾ ആസ്വദിക്കുന്നതിന്റെ തിരക്കിൽ ജപമാല ചൊല്ലാനും ദിവ്യബലിയിൽ പങ്കെടുക്കാനും സമയം ഇല്ലാതായി മാറി. ഏറ്റവും മികച്ച വിദ്യാഭ്യാസവും ജോലി സാധ്യതകളും ആഡംബര ജീവിതവും ആഘോഷങ്ങളും വിലപിടിപ്പുള്ള ഗാഡ്ജെറ്റുകളും സ്വപ്നം കണ്ടാണ് കൊച്ചു കുഞ്ഞുങ്ങൾ തന്നെ വളർന്നുവരുന്നത്. മക്കൾ ആവശ്യപ്പെടുന്നതും ആഗ്രഹിക്കുന്നതുമെല്ലാം വാരിക്കോ

തി നൽകാനുള്ള തത്രപ്പാടിൽ, മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഒരുക്കാനുള്ള പണ സമ്പാദനത്തിനായുള്ള ഓട്ടപ്പാച്ചിലിനിടയിൽ ക്രിസ്തുവിനെ അനുഭവിക്കാനും ക്രിസ്തുസ്നേഹം പകർന്നു കൊടുക്കാനും മാതാപിതാക്കളും പരാജയപ്പെട്ടു തുടങ്ങി. ആത്മീയതയ്ക്ക് പ്രാധാന്യവും കുറഞ്ഞു.

സന്യാസ പൗരോഹിത്യ ജീവിതത്തിലേക്ക് കടന്നുവരുന്ന യുവതലമുറയിൽ പോലും ഉദ്ദേശലക്ഷ്യങ്ങളിൽ മാറ്റം വന്നിട്ടുണ്ട്. നല്ല ജോലി സാധ്യതകളും അധികാരവും പണ സമ്പാദനവും അതിലൂടെ ലഭ്യമാകുന്ന ഭൗതിക സന്തോഷവും ലാക്കാക്കി വരുന്നവരുമുണ്ട്. അവർക്ക് സമർപ്പണത്തിന്റെ ആനന്ദം അതിന്റെ പൂർണ്ണതയിൽ അനുഭവിക്കാൻ കഴിയില്ല. ഇവർ സന്യാസ ജീവിതത്തിൽ പ്രവേശിച്ചാലും അസംതൃപ്തരും പരാതി പറയുന്നവരുമൊക്കെയായി മാറുകയും പിന്നീട് പാതിവഴിയിൽ സമർപ്പിത ജീവിതവും ഉപേക്ഷിച്ചു പോവുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ചില അപചയങ്ങൾ സമർപ്പിത ജീവിതത്തെയും സമർപ്പിതരെയും ലോകം തിരസ്കരിക്കുന്നതിനും കാരണമായിട്ടുണ്ടെന്നത് വാസ്തവമാണ്.

**"ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ"** (മത്തായി 16 : 24) എന്നാണ് യേശുനാഥൻ പറഞ്ഞിട്ടുള്ളത്. എല്ലാം ഉപേക്ഷിക്കലും എല്ലാം വിട്ടുകൊടുക്കലുമാണ് സമർപ്പണം. പൂർണ്ണമായ ഈ ഉപേക്ഷിക്കലാണ്, ഈ വിട്ടുകൊടുക്കലാണ് സ്വയം പരിത്യജിക്കലായി വളർച്ച പ്രാപിക്കുന്നത്. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും സ്വതന്ത്രനായിരിക്കാനും സ്വന്തമായി എന്തെങ്കിലുമൊക്കെ സമ്പാദിക്കാനുമൊക്കെയുള്ള ഒരുവന്റെ ആഗ്രഹത്തെ പരിത്യജിച്ച്, സർവ്വത്തിന്റെയും ഉടയവനായ ക്രിസ്തുവിൽ സർവ്വവും സമർപ്പിച്ച്, "ക്രിസ്തു മാത്രം മതി" എന്ന് ഏറ്റു പറയുന്നതാണ് സന്യാസം. ഉള്ളിൽ വസിക്കുന്ന ക്രിസ്തുവിൽ ആനന്ദം കണ്ടെത്തുന്ന സുന്ദരമായ



ജീവിതമാണിത്. അതുകൊണ്ടുതന്നെയാണ് "സമർപ്പണത്തിന്റെ ചാരുത ആനന്ദമാണെന്നും, അത് ലോകത്തിന്റെ ആനന്ദമല്ല; മറിച്ച് പരിശുദ്ധാരൂപി നൽകുന്ന ആനന്ദമാണെന്നും" ഫ്രാൻസിസ് പാപ്പ പറയുന്നത്. ആയതിനാൽ എല്ലാം ഉപേക്ഷിച്ച്, കർത്താവിനെ മാത്രം ലക്ഷ്യം വച്ച്, "അവിടുത്തെ ഹിതം നിറവേറ്റാൻ ഇതാ ഞാൻ വന്നിരിക്കുന്നു" എന്ന് അഭിമാനത്തോടെ സന്തോഷത്തോടെ ഏറ്റുപറഞ്ഞ് ഇറങ്ങിത്തിരിക്കേണ്ടതാണ് സന്യാസ പൗരോഹിത്യ ദൈവവിളി.

**വിളി സ്വീകരിച്ച് കടന്നുവരുന്നവർക്ക് വിളിക്കനുനുസൃതമായ ജീവിതം നയിക്കാനുള്ള ഉത്തരവാദിത്വം കൂടെയുണ്ട്. വിളിച്ചവനോട് വിശ്വസ്തത പുലർത്തി, പ്രാർത്ഥനയിൽ നിന്ന് ശക്തി സംഭരിച്ച്, സന്യാസ ജീവിതാനുഭവങ്ങളിലൂടെ സ്വയം ശൂന്യമാക്കി, സഹോദരങ്ങൾ ഒരുമിച്ചു വസിക്കുന്നതിലെ ആനന്ദം അനുഭവിച്ച് ആത്മീയ ജീവിതത്തിനും ആത്മവിശുദ്ധിക്കും ആവശ്യമായ സത്കർമ്മങ്ങൾ അഭ്യസിച്ച് സ്വയം ഉണർന്ന്, മറ്റുള്ളവരെ ഉയർത്താനും ഉണർത്താനും വളർത്താനും കഴിയുന്നവനായി സന്യാസി മാറണം.**



സന്യാസ സഭയും തിരുസഭയും നൽകുന്ന ഉത്തരവാദിത്തങ്ങൾ ദൈവ സ്നേഹത്താൽ ജലിച്ച് ആത്മാക്കളുടെ രക്ഷയ്ക്കായി നിർവഹിക്കുന്ന സന്യസ്തർ സന്യാസം ആവശ്യപ്പെടുന്ന എല്ലാ ഉത്തരവാദിത്തങ്ങളും ഏറ്റെടുക്കുവാൻ കഴിയുന്നവരാകണം.

കൂടെ ആയിരിക്കാനും കൂടെ നടക്കുവാനുമായി ദൈവം മാറ്റി നിർത്തിയവരാണ് സമർപ്പിതർ. സമർപ്പണ വഴിത്താരയിൽ തങ്ങളെത്തന്നെ ദൈവത്തിനും ദൈവജനത്തിനുമായി സമർപ്പിച്ച് ലോകത്തിൽ ക്രിസ്തു സാക്ഷ്യത്തിന്റെ ജീവിതം നയിക്കുമ്പോൾ സ്വർഗ്ഗരാജ്യത്തിന്റെ മുന്നാസ്വാദനം കൂടിയാണ് അവർ അനുഭവിക്കുന്നത്. സമർപ്പിതരുടെ പ്രാർത്ഥന സഭയുടെ തന്നെ നിലനിൽപ്പിന്റെ അടിസ്ഥാന ഘടകമാണ്. സമർപ്പിത ഭവനങ്ങളിൽ നിന്നും ഓരോ നേരങ്ങളിലും ഉയരുന്ന പ്രാർത്ഥനകൾ ആ ഒരു പ്രദേശത്തെ മുഴുവൻ വിശുദ്ധീകരിക്കുവാൻ കെൽപ്പുള്ളവയാണ്. സഭയുടെയും സഭാമക്കളുടെയും വിശുദ്ധികരണത്തിന് സക്രാരിക്കു മുമ്പിൽ തപസ്സിരിക്കുന്ന സമർപ്പിതരും, സഹനങ്ങളെ പരാതികളില്ലാതെ സന്തോഷത്തോടെ വാരിപ്പുണരുന്ന സമർപ്പിതരും, ലോകം സുഖഭോഗങ്ങളിൽ ആറാടുമ്പോഴും ഉറങ്ങുമ്പോഴും ഉണർന്നിരുന്നു പ്രാർത്ഥിക്കുന്ന സമർപ്പിതരും നമുക്ക് ഇനിയും വേണം.

ദൈവവിളി ദൈവത്തിന്റെ ദാനമാണ്. അത് നമ്മുടെ തെരഞ്ഞെടുപ്പല്ല. ദൈവവിളി തിരിച്ചറിയാനും, "ഇതാ, ഞാൻ" എന്ന് പ്രത്യുത്തരം അരുളി, ദൈവവേലയ്ക്കായി ഇറങ്ങിത്തിരിക്കാനും നമ്മുടെ മക്കൾക്ക് സാധിക്കട്ടെ... ദൈവദാനമായ മക്കളെ ദൈവശുശ്രൂഷിക്കായി വിളിക്കുമ്പോൾ സന്തോഷത്തോടെ പറഞ്ഞയക്കാനുള്ള ആർജ്ജവം നമ്മുടെ മാതാപിതാക്കൾക്ക് ഉണ്ടാകട്ടെ... അതിനായി പ്രാർത്ഥന നിറഞ്ഞ കുടുംബാന്തരീക്ഷം നമുക്ക് കെട്ടിപ്പടുക്കാം... അങ്ങനെ സന്യാസ പൗരോഹിത്യ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്ന ഇടങ്ങളായി നമ്മുടെ ഓരോ ഭവനവും മാറട്ടെ... ■



സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്.
സ്നേഹം അസൂയപ്പെടുന്നില്ല. ആത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല.
1 കോറിന്തോസ് 13 : 4



# വി. കുർബാന



**ഫാ. സിജോ വേലിക്കകത്തോട്ട്**
മതബോധന ഡയറക്ടർ

**ഇ**താ മെയ് മാസം ആഗതമായിരിക്കുന്നു. ആദ്യത്തെ സക്രാരി എന്നു വിശേഷിപ്പിക്കപ്പെടുന്ന പരിശുദ്ധ അമ്മയുടെ ഈ വണക്കമാസത്തിൽ അനേകം കുഞ്ഞുങ്ങൾ ആദ്യമായി ഈശോയെ സ്വീകരിക്കുവാനുള്ള ഒരുക്കത്തിന്റെ ദിവസങ്ങളിലൂടെ കടന്നുപോവുകയാണ്. ആദ്യകുർബാന സ്വീകരണത്തിനു വേണ്ടി കുട്ടികളും അവരുടെ മാതാപിതാക്കളും അവരെ ഒരുക്കുന്ന അദ്ധ്യാപകരും തീക്ഷണതയോടെ പരിശ്രമിക്കുന്ന ഈ മാസത്തിൽ വിശ്വാസത്തിന്റെ വഴിത്താരയിൽ വിശുദ്ധ കുർബാനയെക്കുറിച്ചുള്ള സഭാപഠനങ്ങൾ നമുക്കു പരിശോധിക്കാം.

"നമ്മുടെ രക്ഷകൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിലെ അന്തിമ അത്താഴവേളയിൽ തന്റെ തിരുശരീര രക്തങ്ങളുടെ യാഗമായ കുർബാന സ്ഥാപിച്ചു. തന്റെ കുരിശിലെ ബലി താൻ വീണ്ടും വരുന്നതുവരെ എല്ലാ യുഗങ്ങളിലും ശാശ്വതമായി തുടർന്നുകൊണ്ടു പോകുവാനും, അങ്ങനെ തന്റെ പ്രിയപ്പെട്ട മണവാട്ടിയായ സഭയ്ക്ക് തന്റെ മരണത്തിന്റെയും പുനഃരുദ്ധാനത്തിന്റെയും ഒരു സ്മാരകം ഏൽപ്പിച്ചു കൊടുക്കുവാനും വേണ്ടിയാണ് അവിടുന്ന് അപ്രകാരം ചെയ്തത്. ആ സ്മാരകം സ്നേഹത്തിന്റെ ഒരു കൂദാശയും ഐക്യത്തിന്റെ അടയാളവും ഉപവിയുടെ ബന്ധവും പെസഹാവിരുന്നുമാണ് (CCC 1323)." വി. കുർബാന ക്രൈസ്തവ ജീവിതത്തിന്റെയാകെ ഉറവിടവും അത്യുച്ച സ്ഥാനവുമാണ്. സഭയുടെ ആദ്ധ്യാത്മിക സമ്പത്തു മുഴുവനും വിശുദ്ധ കുർബാനയിൽ അടങ്ങിയിരിക്കുന്നു.

കർത്താവ് തനിക്ക് സ്വന്തമായിട്ടുള്ളവരെ സ്നേഹിച്ചു; അവസാനം വരെ സ്നേഹിച്ചു. ഈ ലോകം വിട്ട് തന്റെ പിതാവിന്റെ പക്കലേക്കു പോകുവാനുള്ള സമയമായെന്ന് അറിഞ്ഞുകൊണ്ട്, ഭക്ഷണസമയത്ത് അവിടുന്ന് ശിഷ്യരുടെ പാദങ്ങൾ കഴുകുകയും സ്നേഹത്തിന്റെ കല്പന അവർക്കു നൽകുകയും ചെയ്തു. തന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സ്മാരകമായി അവിടുന്ന് കുർബാന സ്ഥാപിച്ചു. തന്റെ പുനരാഗമനം വരെ അത് ആഘോഷിക്കുവാൻ തന്റെ അപ്പസ്തോലന്മാരോട് കൽപ്പിക്കുകയും അതിലൂടെ അവിടുന്ന് അവരെ പുതിയ നിയമത്തിലെ പുരോഹിതന്മാരാക്കുകയും ചെയ്തു. മൂന്ന് സമവീക്ഷണ സുവിശേഷങ്ങളും വിശുദ്ധ പൗലോസും കുർബാന സ്ഥാപനത്തെ സംബന്ധിച്ച വിവരണം നമുക്കു നൽകുന്നുണ്ട്. കുർബാന സ്ഥാപനത്തിന് പശ്ചാത്തലമൊരുക്കിക്കൊണ്ട്

യേശു കഫർണാമിലെ സിനഗോഗിൽ വച്ചു പറഞ്ഞ വാക്കുകൾ വി. യോഹന്നാൻ രേഖപ്പെടുത്തുന്നുണ്ട്. സ്വർഗത്തിൽ നിന്നിറങ്ങിയ ജീവന്റെ അപ്പം എന്ന് ക്രിസ്തു തന്നെത്തന്നെ വിശേഷിപ്പിക്കുന്നു (CCC 1337-1338).

ജറുസലേമിലെ സഭയെ സംബന്ധിച്ച് ഇപ്രകാരം പറയുന്നു : 'അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിയ്ക്കൽ, പ്രാർത്ഥന എന്നിവയിൽ താല്പര്യപൂർവ്വം പങ്കുചേർന്നു... അവർ ഏകമനസ്സോടെ താല്പര്യപൂർവ്വം അനുദിനം ദൈവാലയത്തിൽ ഒരുമിച്ചു കൂടുകയും ഭവനംതോറും അപ്പംമുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടുംകൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു.' സർവ്വോപരി, "ആഴ്ചയുടെ ഒന്നാം ദിവസം" അതായത്, കർത്താവിന്റെ ഉത്ഥാന ദിവസമായ ഞായറാഴ്ച, ക്രിസ്ത്യാനികൾ "അപ്പം മുറിക്കലിനായി" സമ്മേളിച്ചിരുന്നു. അന്നുമുതൽ ഇന്നുവരെ വി. കുർബാനയുടെ ആഘോഷം തുടർന്നുപോരുകയും അങ്ങനെ ഇന്നു സഭയിൽ എല്ലായിടത്തും കുർബാനയ്ക്ക് അടിസ്ഥാനപരമായി ഒരേ ഘടന ഉണ്ടായിരിക്കുകയും ചെയ്യുന്നു. കുർബാന സഭാജീവിതത്തിന്റെ കേന്ദ്രമായി നിലനിൽക്കുന്നു.

അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരവും രക്തവുമായി മാറുന്നതിലൂടെയാണ് കുർബാനയെന്ന കൂദാശയിൽ ക്രിസ്തു സന്നിഹിതനായിരിക്കുന്നത്." കുർബാനയെന്ന കൂദാശയിൽ തന്നെ സ്വീകരിക്കുവാൻ കർത്താവ് നമ്മെ ക്ഷണിക്കുന്നു : "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യ പുത്രന്റെ ശരീരം ഭക്ഷിക്കുകയും, അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ജീവനുണ്ടായിരിക്കുകയില്ല" (യോഹ 6 : 53).ദിവ്യകാരുണ്യ സ്വീകരണം ക്രിസ്തുവിനോടുള്ള നമ്മുടെ ഐക്യം വളർത്തുന്നു. ദിവ്യകാരുണ്യം സ്വീകരിക്കുന്നതിന്റെ പ്രധാന ഫലം യേശുക്രിസ്തുവുമായുള്ള ഉറ്റബന്ധമാണ്. ക്രിസ്തുവിലുള്ള ജീവന്റെ അടിസ്ഥാനം ദിവ്യകാരുണ്യവിരുന്നാണ്. ദിവ്യകാരുണ്യ സ്വീകരണം നമ്മെ പാപത്തിൽ നിന്ന് അകറ്റുന്നു. ദിവ്യകാരുണ്യത്തിൽ നാം സ്വീകരിക്കുന്ന ക്രിസ്തുവിന്റെ ശരീരം നമുക്കുവേണ്ടി നൽകപ്പെട്ടതാണ്; നാം പാനം ചെയ്യുന്ന രക്തം പാപമോചനത്തിനായി അനേകർക്കു വേണ്ടി ചിന്തപ്പെട്ടതാണ്. നഷ്ടപ്പെട്ട ശക്തിയെ ശാരീരിക പോഷണം വീണ്ടെടുക്കുന്നതുപോലെ അനുദിന ജീവിതത്തിൽ ദുർബലമാകാൻ സാധ്യതയുള്ള പരസ്നേഹത്തെ ദിവ്യകാരുണ്യം ശക്തിപ്പെടുത്തുന്നു. ദിവ്യകാരുണ്യം സ്വീകരിക്കുന്നവർ ക്രിസ്തുവിനോട് കൂടുതൽ ഗാഢമായി ഐക്യപ്പെടുന്നു. അതിനാൽ ക്രിസ്തു, എല്ലാ വിശ്വാസികളെയും സഭയാകുന്ന ഏകശരീരത്തിൽ ഐക്യപ്പെടുത്തുന്നു (CCC 1391 - 1396).

**കൃതജ്ഞതാപ്രകാശനം എന്നർത്ഥമുള്ള "എവുക്കരിസ്ത്യ" എന്ന ഗ്രീക്കുവാക്കിൽ നിന്നുണ്ടായ 'എവുക്കരിസ്റ്റ്' എന്ന പദമാണ് കുർബാനയെ സൂചിപ്പിക്കാൻ ഇംഗ്ലീഷിൽ ഉപയോഗിക്കുന്നത്. അതിന് കുർബാനയപ്പമെന്നും അർത്ഥമുണ്ട്.** ആദിമസഭയിൽ അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീര രക്തങ്ങളായി മാറുന്നതിനു മുമ്പുള്ള കൃതജ്ഞതാ പ്രാർത്ഥനയുടെ പേരായിരുന്നു എവുക്കരിസ്ത്യ എന്നത്. പിൽക്കാലത്ത് മുഴുവൻ ദിവ്യബലിയാഘോഷത്തെയും സൂചിപ്പിക്കുവാൻ ആ വാക്ക് ഉപയോഗിച്ചു തുടങ്ങി. തന്റെ ശുശ്രൂഷയ്ക്കുള്ള ശക്തികേന്ദ്രമായി വി. കുർബാനയെ കണ്ടിരുന്ന വി. മദർ തെരേസയുടെ വാക്കുകൾ ഇങ്ങനെയാണ്; "നിങ്ങളുടെ ജീവിതം കുർബാനയ്ക്കു ചുറ്റും നെയ്യപ്പെട്ടിരിക്കണം. നിങ്ങളുടെ കണ്ണ് കർത്താവിലേക്ക് തിരിയണം. അവിടുന്ന് പ്രകാശമാണ്. ആഗ്രഹത്തോടെ അവിടുത്തെ അന്വേഷിക്കണം." വി. കുർബ്ബാനയിലൂടെ ക്രിസ്തുവിൽ നമുക്ക് ഒന്നായി മാറാം... ■



# വളം കതിരിൽ പോരാ... വേരിൽ വേണം.



**ജിംബിൾ തുരുത്തൂർ**
സബ് ഇൻസ്‌പെക്ടർ, വലപ്പാട്

**ലൂ**ക്കായുടെ സുവിശേഷം പതിനഞ്ചാം അദ്ധ്യായം പതിനൊന്നാം വാക്യം മുതൽ നാം കണ്ടുമുട്ടുന്ന ഒരു കഥാപാത്രമുണ്ട്. ധൂർത്ത പുത്രൻ. യുവത്വത്തിന്റെ ഉന്മാദത്തിൽ തന്റെ പിതാവിന്റെ ഓഹരിയും വാങ്ങി ദൂരദേശത്തേക്ക് യാത്ര പോകുന്ന മകൻ. താൻ കണ്ടുമുട്ടിയ ഇടങ്ങളിലെല്ലാം സുഖസൗകര്യങ്ങളിൽ അഭിരമിച്ചു കഴിഞ്ഞു അവൻ. കയ്യിലുള്ള പണം തീരുവോളം കൂടെ കൂടാൻ സുഹൃത്തുക്കളും ഒത്തിരി ഉണ്ടായിരുന്നു. കയ്യിലെ പണം തീർന്നതും കൂടെയുണ്ടായിരുന്ന സുഹൃത്തുക്കൾ അകന്നകന്നു പോയതും ഒരുമിച്ചായിരുന്നു. പിന്നീട് എങ്ങനെയും വിശപ്പു കറ്റാനുള്ള വ്യഗ്രതയായിരുന്നു. അപ്പോൾ അവന് ബോധോദയമുണ്ടായി. തന്റെ പിതാവിന്റെ അടുക്കൽ എത്തിയാൽ അവന്റെ ദാസന്മാരിൽ ഒരുവനായി നിന്നാൽ പോലും ഇതിനേക്കാൾ നന്നായി ജീവിക്കാൻ കഴിയുമെന്ന് അവൻ മനസ്സിൽ കണക്കുകൂട്ടി, അവൻ പിതാവിന്റെ അടുക്കലേക്ക് തിരിച്ചുപോകുന്നു. പിതാവ് അവനെ സഹർഷം സ്വീകരിക്കുന്നു സ്വന്തം പുത്രനായി തന്നെ.

വർത്തമാന സാഹചര്യത്തിൽ വളരെയേറെ പ്രസക്തിയുള്ള ഒരു ഉപമയാണ് ഈശോ പറഞ്ഞത്. ആധുനിക ലോകം നമ്മുടെ യുവത്വത്തിന് നേരെ ചൂണ്ടിക്കാട്ടുന്ന മായിക ലോകം കണ്ട് അതാണ് ശരിയെന്ന് തെറ്റിദ്ധരിച്ച് സോഷ്യൽ മീഡിയ ദുരുപയോഗത്തിന്റെയും ലഹരി ഉപയോഗത്തിന്റെയും മായിക വലയിൽ പ്പെട്ട്, ധൂർത്ത പുത്രനെ പോലെ തിരിച്ചു കയറാൻ പോലും സാധിക്കാതെ എരിഞ്ഞടങ്ങുകയാണ് നമ്മുടെ യുവത്വം. എവിടെയാണ് നമുക്ക് തെറ്റിയത് എന്ന് മാതാപിതാക്കളും സമൂഹവും തല പുകഞ്ഞ് ആലോചിക്കുന്നു. പരിഹാരം തേടി ഭരണകർത്താക്കളും.

“എനിക്ക് ഇവനെ ഇനി വേണ്ട സാറേ, ഇവൻ എങ്ങനെയെങ്കിലും ജീവിച്ചോട്ടെ.” പോലീസ് സ്റ്റേഷനു മുന്നിൽ മകന്റെ ഷർട്ടിൽ കുത്തിപ്പിടിച്ച് അധ്യാപികയായ അമ്മയുടെ കണ്ഠമിടറിയ വിങ്ങലുകൾ ഇപ്പോഴും എന്റെ ചെവിയിൽ മുഴങ്ങുന്നുണ്ട്. മികച്ച അധ്യാപികയെന്ന പേരെടുത്ത അമ്മ. വിദേശത്ത് ജോലി ചെയ്യുന്ന ഭർത്താവിന്റെ അഭാവത്തിലും മൂത്ത മകനെയും ഇളയ മകളെയും മികച്ചവരായി വളർത്താൻ ശ്രമിച്ചവർ. മക്കളെ ഇത്രയധികം സ്നേഹിക്കരുതെന്ന് സഹപ്രവർത്തകർ പോലും പലപ്പോഴും ഓർമപ്പെടുത്തിയിട്ടുണ്ട്. പക്ഷേ അവർ അതൊന്നും കാര്യമാക്കിയില്ല. ഒരു സായം സന്ധ്യയിൽ പോലീസ് സ്റ്റേഷനിൽ നിന്നുള്ള വിളി കേട്ട് സ്റ്റേഷനിൽ ഓടിക്കിതച്ചെത്തിയപ്പോൾ അമ്മ കണ്ടത് സ്റ്റേഷന്റെ ഒരു കോണിൽ തല താഴ്ത്തി നിൽക്കുന്ന മകനെയും രണ്ടു കൂട്ടുകാരെയും ആണ്.

ബീച്ചിൽ നിന്ന് കൂട്ടുകാരോടൊപ്പം കഞ്ചാവ് പൊതികളുമായി പിടിച്ച് സ്റ്റേഷനിൽ കൊണ്ടുവന്നതാണെന്ന് പറഞ്ഞപ്പോൾ അവരുടെ ആദ്യ പ്രതികരണം ഞങ്ങളെയും ഞെട്ടിക്കുന്നതായിരുന്നു. **"ഇല്ല, എന്റെ മകൻ ഒരിക്കലും അങ്ങനെ ചെയ്യില്ല. അവനെ ഞാൻ അങ്ങനെയാണ് വളർത്തിയത്. നീ ചെയ്തോ മോനെ?"** എന്ന അമ്മയുടെ ചോദ്യത്തിന് മുന്നിൽ മകൻ മറുപടി ഇല്ലാതെ തലകുനിച്ചു നിൽക്കുന്നത് കണ്ടപ്പോൾ ആ അമ്മയ്ക്ക് ഏറെക്കുറെ കാര്യങ്ങൾ മനസിലായി. ഒരു അധ്യാപിക എന്ന നിലയിൽ തന്റെ കുട്ടികളുടെ നല്ല ഭാവിക്കുവേണ്ടി ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടിരിക്കെ തന്റെ മകനെ നേർവഴിക്ക് നയിക്കാൻ സാധിച്ചില്ല എന്നത് ആ അമ്മയ്ക്ക് സഹിക്കാവുന്നതിൽ അപ്പുറമായിരുന്നു. ഈ അമ്മ കേരളത്തിലെ ഒരുപിടി അമ്മമാരുടെ, പ്രതീകമാണ്. സമീപകാല പത്രവാർത്തകൾ എല്ലാം തന്നെ മനസിൽ ഭീതി ഉളവാക്കുന്നതും പേടിപ്പെടുത്തുന്നതുമാണ്.

ഒരു കുഞ്ഞ് ജനിക്കുന്നത് തന്നെ ഒരു വെള്ള പേപ്പർ പോലെ ആണെന്നാണ് മാനസിക വിദഗ്ധർ പറയുന്നത്. ആ പേപ്പറിൽ എന്തു വരയ്ക്കണം ഏതു കളറുകൾ വരയ്ക്കണം എന്നെല്ലാം തീരുമാനിക്കുന്നത് മാതാപിതാക്കളും അവന്റെ ജീവിത സാഹചര്യങ്ങളുമാണ്. വർണ്ണ ചിത്രങ്ങൾ വേണമോ കറുത്ത ചിത്രങ്ങൾ വേണമോ എന്ന് നിശ്ചയിക്കുന്നതും നമ്മൾ തന്നെ. അഞ്ചു വയസ്സുവരെ അവൻ പ്രധാനമായും കാണുന്നത് തന്റെ മാതാപിതാക്കളെയാണ്. അവൻ ജീവിതത്തിലേക്ക് സ്വാംശീകരിക്കുന്നതും പകർത്തുവാൻ ശ്രമിക്കുന്നതും അവന്റെ മാതാപിതാക്കളുടെ സ്വഭാവ വിശേഷങ്ങൾ തന്നെയാണ്. അവന്റെ റോൾ മോഡലുകൾ അവന്റെ മാതാപിതാക്കളാണ്. ഇതാണ് അവന്റെ ജീവിതത്തിന്റെ സ്വഭാവം നിർണയിക്കുന്ന പ്രധാന കാലഘട്ടം. തന്റെ മാതാപിതാക്കൾ ചെയ്യുന്നതെന്തോ അതെല്ലാം അവന് ശരിയാണ്. പല പിതാക്കന്മാരും പറയാറുണ്ട് താൻ ബാറിൽ പോയി മദ്യപിക്കാറില്ല, വീട്ടിലിരുന്നു മാത്രമേ മദ്യപിക്കു എന്ന്. സ്വന്തം കുഞ്ഞുങ്ങളുടെ മുന്നിലിരുന്ന് മദ്യപിക്കുന്ന പിതാവ് പിന്നീട് മക്കളെ മദ്യപിക്കാതിരിക്കാൻ ഉപദേശിച്ചാൽ നന്നാവുമെന്ന് തോന്നുന്നില്ല.

### *കുഞ്ഞുങ്ങൾക്ക് വേണ്ടി നാം സമയം കണ്ടെത്തണം*

ആധുനിക മാതാപിതാക്കൾക്ക് എപ്പോഴും തിരക്കാണ്. ചോദിച്ചാൽ പറയും കുടുംബത്തിനുവേണ്ടി നെട്ടോട്ടമോടുകയാണെന്ന്. അതിനിടയിൽ തങ്ങളുടെ മക്കളെ കേൾക്കാൻ മാതാപിതാക്കൾക്ക് സമയമില്ല. കുഞ്ഞുങ്ങൾക്ക് അവൾ /അവൻ കാണുന്ന കുഞ്ഞു കാര്യങ്ങൾ അവന് വലിയ കാര്യമാണ്. പലപ്പോഴും നാം അവന്റെ കുഞ്ഞു കാര്യങ്ങളെ നിസ്സാരമാക്കി അവഗണിക്കുകയാണ് പതിവ്.. താൻ പറയുന്നത് മാതാപിതാക്കൾ ശ്രദ്ധിക്കുന്നില്ല എന്ന് കാണുന്നതോടെ പതിയെ പതിയെ അവൻ ഒരു കാര്യവും മാതാപിതാക്കളോട് പങ്കുവയ്ക്കാതാവും. വളർച്ചാഘട്ടത്തിൽ തന്നെ കേൾക്കുന്ന, തന്നെ അറിയുന്ന മറ്റുള്ളവർക്കു മുന്നിൽ പങ്കുവയ്ക്കാൻ അവൻ/അവൾ ആരംഭിക്കും. അപ്പോൾ അവൻ/ അവൾ തന്റെ കൂട്ടുകാരന്റെ/ കൂട്ടുകാരിയുടെ വിദ്യാഭ്യാസ നിലവാരമോ ജീവിതനിലവാരമോ പരിഗണിച്ചെന്നുവരില്ല. അപ്പോഴാണ് മക്കളെപ്പറ്റി മാതാപിതാക്കൾക്ക് ബോധോദയം ഉണ്ടാകുന്നത്. ഇങ്ങനെ ഒത്തിരി മാതാപിതാക്കളുടെ കരച്ചിൽ കാണുവാൻ ഇടയായിട്ടുണ്ട്. മക്കൾക്കുവേണ്ടി കുടുംബത്തിനുവേണ്ടി തിരക്കുപിടിച്ചോടുമ്പോഴും കുറച്ചുസമയം അവർക്കുവേണ്ടി മാറ്റിവയ്ക്കാനും നാം തയ്യാറാവണം.

### *അടിത്തറയുള്ള വിശ്വാസ ജീവിതം*

വിശ്വാസജീവിതം അടിത്തറയുള്ളതെങ്കിൽ ഏതു വെല്ലുവിളികളെയും പ്രതിസന്ധികളെയും നേരിടുവാൻ നമ്മുടെ യുവത്വത്തിന്

*(ശേഷം 17-ാം പേജ് കാണുക)*



*അത് തന്റെ രാജ്യത്തിലേക്കും മഹത്വത്തിലേക്കും നിങ്ങളെ വിളിക്കുന്ന ദൈവത്തിനു യോഗ്യമായവിധം നിങ്ങൾ ജീവിക്കാൻ വേണ്ടിയാണ്.*

1 തെസ 2:12




# സർവ്വാഭിലാഷസിദ്ധി



**ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ**

**തെ**ല്ലൊരു പരിഭ്രമത്തോടെയാണ് ഞാൻ ഈ പുസ്തകം നിങ്ങൾക്കു മുൻപിൽ പരിചയപ്പെടുത്തുന്നത്. കാരണം ക്രിസ്തുവിന്റെ സുവിശേഷത്തെ അവലംബിച്ചുകൊണ്ടു രചിക്കപ്പെട്ടിട്ടുള്ള ക്രിസ്ത്യൻ മിസ്റ്റിക്കുകളുടെ ആത്മീയ കൃതികളെ പരിചയപ്പെടുത്തുന്ന ഈ പുസ്തകത്തെക്കുറിച്ചുള്ള ആസ്വാദനം രണ്ടു താളുകളിൽ അടയാളപ്പെടുത്തുകയെന്നത് ഏറെ ശ്രമകരമായ കാര്യമാണ്. കാരണം ഇതിലെ ആശയങ്ങൾ ബുദ്ധികൊണ്ട് മനസ്സിലാക്കിയെടുക്കുക എന്നതിനേക്കാൾ മനസ്സുകൊണ്ട് അനുഭവിക്കുകയും വിശ്വസിക്കുകയും ജീവിക്കുകയും ചെയ്യേണ്ടതാണ്. അത്തരം കാര്യങ്ങളെ അളക്കുന്ന ഒരു അളവുകോൽ ഇന്നുവരേക്കും കണ്ടെത്തിയിട്ടില്ല.

വളരെ നാളുകളായി വേദപുസ്തകത്തോടൊപ്പം ഞാൻ വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന പുസ്തകമാണ് സർവ്വാഭിലാഷ സിദ്ധി. (The fullfilment of all desire : **ആത്മീയതയുടെ ആത്മാവ് ക്രിസ്തീയ മിസ്റ്റിക് പാരമ്പര്യങ്ങളിൽ, റാൽഫ് മാർട്ടിൻ, വിവ : ജോർജ് കുരുക്കുർ, Trivandrum Carmel Iinternational Publishing House, 2019).** ഒറ്റ വായനകൊണ്ട് പിടിതരാത്ത ധാരാളം ആശയങ്ങൾ ഇതിലുണ്ട്. ഓരോ വായനയിലും പുതിയ അർത്ഥതലങ്ങൾ തന്നുകൊണ്ടു വായനക്കാരനെ വിസ്മയിപ്പിക്കുകയും ചെയുന്നു ഈ പുസ്തകം. ക്രിസ്തീയ മിസ്റ്റിക് പാരമ്പര്യങ്ങളിൽ ആത്മീയതയുടെ ഉള്ളടക്കത്തെ അന്വേഷിക്കുന്ന ഈ പുസ്തകത്തിന്റെ രചയിതാവ് റാൽഫ് മാർട്ടിൻ എന്ന പണ്ഡിതനാണ്. ആത്മാവിനെ ദൈവവുമായുള്ള ഐക്യം സാധിക്കുന്നതിന് സഹായിക്കുന്ന പുസ്തകമാണിത്. അതിനാൽ ഇത് ലളിതമായ വായനയ്ക്കുള്ളതല്ല. അനുദിനമായ ശ്രദ്ധാപൂർണ്ണമായ വായനയ്ക്കും ധ്യാനത്തിനു വേണ്ടിയുള്ളതാണ്.

ജോർജ് കുരുക്കൂർ അച്ചനാണ് ഇത് തർജ്ജമ ചെയ്തിരിക്കുന്നത്. കുറിപ്പുകളടക്കം 565 പേജുകളാണ് ഈ പുസ്തകത്തിലുള്ളത്. മുഖവുര കൂടാതെ ഉള്ളടക്കത്തെ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 17 അദ്ധ്യായങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്.

എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്ന ചിന്തയോടെയാണ് ഈ പു

സ്തകം ആരംഭിക്കുന്നത്. ദൈവം നമ്മെ ക്ഷണിച്ച ആ വിശുദ്ധി കരസ്ഥമാക്കുവാൻ വിശുദ്ധരുടെ ജ്ഞാന ജീവിതത്തിലൂടെ യാത്ര ചെയ്യുവാൻ സഹായിക്കുന്ന പദ്ധതികളാണ് മൂന്നു ഭാഗങ്ങളിലായി ഈ പുസ്തകത്തിൽ വിന്യസിച്ചിരിക്കുന്നത്. സഭയുടെ മിസ്റ്റിക് പാരമ്പര്യങ്ങളെ സമ്പന്നമാക്കുന്ന രചനകളാണ് മിസ്റ്റിക്കുകളുടെ പുസ്തകങ്ങൾ. കുരിശിന്റെ വിശുദ്ധ യോഹന്നാൻ, ആവിലായിലെ തെരേസ, കൊച്ചുത്രേസ്യ, സിയന്നയിലെ വിശുദ്ധ കാതറിൻ, വിശുദ്ധ ബർണാഡ്, വിശുദ്ധ അഗസ്റ്റിൻ, വിശുദ്ധ ഫ്രാൻസിസ് സാലസ് എന്നിവരുടെ രചനകൾ വായിക്കുകയും അതിൽ അടങ്ങിയിരിക്കുന്ന ആത്മീയ നിരീക്ഷണങ്ങളെ ആഴത്തിൽ മനസ്സിലാക്കിയെടുക്കുകയും ചെയ്യുകയെന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. എന്നാൽ ഈ പുസ്തകത്തിൽ, മേൽപ്പറഞ്ഞ മിസ്റ്റിക്കുകളുടെ രചനകളെ പരിചയപ്പെടുത്തുകയും വളരെ ലളിതമായി അവയുടെ ഉള്ളടക്കത്തെ വിശദമാക്കുകയും ചെയ്തിരിക്കുന്നു.

ജോൺ പോൾ രണ്ടാമൻ പാപ്പയുടെ 'നവസഹസ്രാബ്ദത്തിലേക്ക്' എന്ന ചാക്രിക ലേഖനത്തിൽ ഈ കാലഘട്ടത്തിന് വേണ്ട ചില കാര്യങ്ങൾ അദ്ദേഹം പ്രവചനാത്മകമായി നിരീക്ഷിക്കുന്നു. **ജീവിത വിശുദ്ധിയും പ്രാർത്ഥനയിലുള്ള ആഴപ്പടലും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രധാന പ്രബോധനങ്ങൾ ആയിരുന്നു.** എന്നാൽ ഈ കാലഘട്ടത്തിൽ ക്രിസ്തുമതത്തിന്റെ സഹായക സംസ്കാരം പ്രയോഗത്തിൽ അപ്രത്യക്ഷമായെന്നും ഇന്ന് ക്രൈസ്തവ ജീവിതം ആഴപ്പെടുത്തിയില്ലെങ്കിൽ അതിന് ജീവിക്കാൻ തന്നെ കഴിയാതെയാകും എന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ലോക വ്യാപകമായ മതനിരപേക്ഷത ക്രൈസ്തവ മതത്തിൽ നിന്നും ആളുകളെ പുറത്തേക്ക് പോകുവാൻ പ്രേരിപ്പിക്കുന്നുണ്ട്. ഇത് തടയണമെങ്കിൽ സഭയുടെ മിസ്റ്റിക്കൽ പാരമ്പര്യങ്ങളിലേക്ക് തിരികെ പോകണമെന്ന് ജോൺപോൾ പാപ്പാ അഭിപ്രായപ്പെടുന്നു.

ആത്മീയത എന്നതിനേക്കാൾ മതാത്മകതക്കാണ് ഇന്ന് കേരളത്തിലെ ക്രൈസ്തവ സമൂഹങ്ങൾക്കിടയിൽ പ്രസക്തി. അതിനാൽ ക്രിസ്തുവിനു സാക്ഷികളാവുക എന്നതിനേക്കാൾ എതിർസാക്ഷ്യം നൽകിയാണ് കേരളത്തിലെ പല ക്രൈസ്തവ സമൂഹങ്ങളുടെയും മുന്നോട്ടുള്ള പ്രയാണം തുടർന്നുകൊണ്ടിരിക്കുന്നത്. ഈ ഘട്ടത്തിൽ ക്രിസ്തുവിന്റെ സുവിശേഷം ജീവിതത്തിൽ പ്രാവർത്തികമാക്കിയെടുക്കുക എന്ന പോംവഴിയാണ് നമുക്ക് മുമ്പിലുള്ളത്. ■

*(പേജ് 16 - തുടർച്ച...)*

കഴിയും. അതിന് അവരെ പ്രാപ്തരാക്കേണ്ടത് മാതാപിതാക്കളാണ്. ലഹരി മാടിവിളിക്കുമ്പോഴും ലൗകിക ആസക്തികൾ പ്രലോഭനങ്ങൾ സൃഷ്ടിക്കുമ്പോഴും വചനത്തിൽ അധിഷ്ഠിതമായ വിശ്വാസജീവിതം ഉണ്ടെങ്കിൽ അതിനെയെല്ലാം അതിജീവിക്കാൻ യുവത്വത്തിന് കഴിയും. ആസക്തിയോടെ ഒരുവളെ നോക്കുന്നവൻ പാപിയാണെന്ന് പറയുന്ന വചനം ഹൃദിസ്ഥമാക്കിയവന് വഴിതെറ്റിയ ലൈംഗിക ജീവിതം ആസ്വദിക്കാനാവില്ല, ഒരു ലഹരിയും അവനെ അടിമയാക്കില്ല. അതിനുള്ള അടിത്തറപാകേണ്ടത് മാതാപിതാക്കളാണ്. സഭയെയും വൈദികരെയും സന്യസ്ഥരെയും കുഞ്ഞുങ്ങളുടെ മുന്നിൽ വച്ച് അവഹേളിക്കുന്ന മാതാപിതാക്കൾ മക്കളുടെ വിശ്വാസത്തിന്റെ കടക്കലാണ് കത്തി വയ്ക്കുന്നത് എന്ന് ഓർക്കുക.

കുഞ്ഞുങ്ങൾ ആകുന്ന വെള്ള പേപ്പറിൽ നിറമുള്ള ചിത്രങ്ങൾ വരയ്ക്കാൻ നമുക്ക് ശ്രമിക്കാം... അതോടൊപ്പം വിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു പുതുതലമുറയെ വാർത്തെടുക്കുവാനും.... ■



*സഹോദരരേ, നിങ്ങൾക്കുലഭിച്ചിരിക്കുന്ന ദൈവവിളിയെപ്പറ്റിത്തന്നെ ചിന്തിക്കുവിൻ; ലൗകികമാനദണ്ഡം അനുസരിച്ച് നിങ്ങളിൽ ബുദ്ധിമാൻമാർ അധികമില്ല; ശക്തരും കുലീനരും അധികമില്ല.*
1കൊറി 1:26

കത്തോലിക്കാ സഭയെ
അറിയാം... പഠിക്കാം...




# മുക്കുവന്റെ മോതിരം



അനി ജോസഫ്, കൂട്ടുകാട്

സഭയുടെ പാപ്പമാർ ഉപയോഗിക്കുന്ന ഔദ്യോഗിക മുദ്ര മോതിരം മുക്കുവന്റെ മോതിരം (പിസ്കേറ്ററി റിംഗ്) എന്നാണ് അറിയപ്പെടുന്നത്. സഭയുടെ ആദ്യ പാപ്പയായിരുന്ന വിശുദ്ധ പത്രോസ് മുക്കുവൻ ആയിരുന്നതിനാൽ ആണ് പാപ്പയുടെ മോതിരത്തിനെ മുക്കുവന്റെ മോതിരം എന്നും വിളിക്കപ്പെട്ടിരുന്നത്. മുൻ കാലങ്ങളിൽ ഈ മോതിരത്തിൽ വിശുദ്ധ പത്രോസ് വഞ്ചിയിൽ നിന്നും വലയെറിയുന്നതായി ആലേഖനം ചെയ്തിട്ടുണ്ട്. “ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം” എന്ന ദൈവവചനത്തെ ആസ്പദമാക്കിയാണ് മോതിരത്തിൽ ഇപ്രകാരം ആലേഖനം ചെയ്തിരുന്നത്. കൂടാതെ ഭരണത്തിലിരിക്കുന്ന പാപ്പയുടെ പേരും അതിനുചുറ്റും രേഖപ്പെടുത്തിയിട്ടുണ്ടാകും.

പതിമൂന്നാം നൂറ്റാണ്ടിൽ ക്ലെമന്റ് നാലാമൻ പാപ്പയുടെ കത്തുകളിൽ തന്റെ എല്ലാ ഔദ്യോഗിക കത്തിടപാടുകൾ മുദ്ര വയ്ക്കുവാൻ മുക്കുവന്റെ മോതിരം ഉപയോഗിക്കുന്നതിനെക്കുറിച്ച് അതിൽ പരാമർശിച്ചിരുന്നു. ഈ കത്തുകളിൽ പേപ്പൽ ബൂളകൾ ഔദ്യോഗിക മുദ്ര മോതിരത്താൽ സീൽ ചെയ്യപ്പെടണം എന്നും പരാമർശിക്കുന്നുണ്ട്. ഓരോ പാപ്പമാരും സ്ഥാനമേറ്റെടുക്കുമ്പോൾ ഈ ഔദ്യോഗിക മോതിരം കമർലെങ്കോയാണ് പാപ്പയെ അണിയിക്കുന്നത്. മാത്രമല്ല ഓരോ പാപ്പയുടെയും കാലശേഷം മറ്റു കർദിനാൾമാരുടെ സാന്നിധ്യത്തിൽ കമർലെങ്കോ മുക്കുവന്റെ മോതിരം ചുറ്റിക ഉപയോഗിച്ച് നശിപ്പിക്കുകയും ചെയ്യുന്നു. പണ്ടുകാലങ്ങളിൽ സെഡെ വെക്കാന്തെ സമയത്ത് (പരിശുദ്ധ സിംഹാസനം ഒഴിഞ്ഞു കിടക്കുന്ന സമയം) വ്യാജ രേഖകൾ നൽകുന്നത് തടയുന്നതിനായാണ് ഇപ്രകാരം ചെയ്തിരുന്നത്. ബെനഡിക്ട് പതിനാറാമൻ സ്ഥാനത്യാഗം ചെയ്തപ്പോഴും പാരമ്പര്യ പ്രകാരം ഇപ്രകാരം മോതിരം നശിപ്പിച്ചിരുന്നു.

മുക്കുവന്റെ മോതിരം എന്നറിയപ്പെടുന്ന പാപ്പയുടെ ഔദ്യോഗിക മോതിരം ഈ കാലഘട്ടത്തിൽ മുദ്രയായി ഉപയോഗിക്കുന്നില്ലെങ്കിലും പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന ഓരോ പോപ്പും തന്റെ എപ്പിസ്കോപ്പൽ അധികാരത്തിന്റെ പ്രതീകമായി മോതിരം ധരിക്കുന്നു. മെത്രാന്റെയോ, പാപ്പയുടെയോ മോതിരത്തിൽ ചുംബിക്കുക എന്നത് ഓരോ വിശ്വാസിക്കും അദ്ദേഹത്തിന്റെ അധികാരത്തോടും കത്തോലിക്കാ സഭയോടുള്ള വിധേയത്വത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകം കൂടിയാണ്.

സഭയുടെ മതബോധന ഗ്രന്ഥം ഇപ്രകാരം പറയുന്നു, “പത്രോസ് എന്ന് താൻ പേരിട്ട ശിമയോനെ മാത്രമേ തന്റെ സഭയുടെ ‘പാറ’യായി കർക്കാവ് നിയോഗിച്ചിട്ടുള്ളൂ. അവിടുന്ന് അദ്ദേഹത്തിന് അതിന്റെ താക്കോലുകൾ നൽകി; മുഴുവൻ അജഗണത്തിന്റെയും ഇടയനായി അദ്ദേഹത്തെ നിയോഗിച്ചു” (CCC 81).

■



# അയൽക്കൂട്ടം

എഫേ 5 : 22 – 33




# ജൂബിലി വർഷത്തിലെ ഗാർഹികസഭയായ കുടുംബം



ഫാ. ടോണി കൈതത്തറ

**"കുടുംബം ഗാർഹികസഭയാണ്"** - എന്നുള്ള ആശയം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ **ജനതകളുടെ പ്രകാശം** *(Lumen Gentium - 11)* എന്ന പ്രമാണ രേഖയിൽ നാം കാണുന്നുണ്ട്. ഇങ്ങനെ പറയാനുള്ള പ്രധാന കാരണം കുടുംബമാണ് എല്ലാറ്റിന്റെയും അടിസ്ഥാനം. ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയിലെ ഓരോ അംഗങ്ങളും വ്യത്യസ്തങ്ങളായ കുടുംബങ്ങളിൽ നിന്നാണ് വരുന്നത്. കുടുംബങ്ങളിൽ നിന്നാണ് ദൈവത്തെയും ദൈവവിശ്വാസത്തെയും ക്രൈസ്തവ മൂല്യങ്ങളെയും കുറിച്ച് ഒരുവൻ അറിയുന്നതും പഠിക്കുന്നതും. അതിനാൽ കുടുംബങ്ങൾക്ക് അത്രയേറെ പ്രാധാന്യം സഭയിലുണ്ട്.

ഭാര്യാഭർത്താക്കന്മാർ എങ്ങനെയുള്ള ജീവിതമാണ് കുടുംബങ്ങളിൽ നയിക്കേണ്ടതെന്ന് വി. പൗലോസ് ശ്ലീഹ ഏഫേസോസിലെ സഭയോട് ആഹ്വാനം ചെയ്യുന്നുണ്ട് (എഫേ 5 : 22 – 33). യേശുക്രിസ്തുവിൽ ആയിരിക്കുക എന്നതാണ് മൗലികമായ യാഥാർത്ഥ്യം. അതിന്റെ അടിസ്ഥാനത്തിലാണ് മറ്റെല്ലാ യാഥാർത്ഥ്യങ്ങളും നടപടി ക്രമങ്ങളും നിർവ്വചിക്കപ്പെടുന്നത്. ക്രിസ്തുവിനോടുള്ള ബഹുമാനത്തെപ്രതി നിങ്ങൾ പരസ്പരം വിധേയരായിരിക്കുവിൻ എന്നാണ് പൗലോസ് ശ്ലീഹ പറയുന്നത്. ക്രിസ്തു സഭയെ എങ്ങനെയാണ് സ്നേഹിച്ചതും സ്നേഹിച്ചുകൊണ്ടിരിക്കുന്നതും, അതുപോലെ ഭാര്യാഭർത്താക്കന്മാർ പരസ്പരം സ്നേഹിക്കുകയും വിധേയപ്പെട്ട് ജീവിക്കുകയും വേണം. കർത്താവിന് എന്നപോലെയാണ് വിധേയരാകേണ്ടത്. ഭർത്താവ് ക്രിസ്തുവിന്റെ സ്ഥാനവും, ഭാര്യ സഭയുടെ സ്ഥാനവും അലങ്കരിക്കുന്നു. ഭരിക്കാനല്ല, സ്നേഹിക്കാനാണ് കർത്താവ് ആവശ്യപ്പെടുന്നത്. ഈ സ്നേഹം സ്വയം ദാനം ചെയ്യുന്ന രീതിയിലാണ് നിർവ്വഹിക്കേണ്ടത്. ക്രിസ്തുവിന്റെ സ്നേഹം അവന്റെ മരണം ആത്മബലിയായി നൽകിക്കൊണ്ടാണ്. അതുപോലെ ഓരോ കുടുംബവും ത്യാഗപൂർണ്ണമായ സ്നേഹത്തിലൂടെയാണ് ജീവിതം മുന്നോട്ടു കൊണ്ടുപോകേണ്ടത്.

ക്രിസ്തു സ്വന്തം ജീവൻ നൽകി സഭയെയും സഭാമക്കളെയും സ്നേഹിച്ചതുപോലെ കുടുംബാംഗങ്ങൾ പരസ്പരം മുറിയപ്പെടുവാൻ തയ്യാറാകണം. സഭ ദൈവജന



കർത്താവേ, അങ്ങു തലമുറതലമുറയായി ഞങ്ങളുടെ ആശ്രയമായിരുന്നു.
സങ്കീർത്തനങ്ങൾ 90 : 1

സമൂഹത്തിന്റെ പ്രാർത്ഥനാ ഇടം എന്ന പോലെ നമ്മുടെ കുടുംബങ്ങൾ പ്രാർത്ഥനയുടെയും വചനവായനയുടെയും കൗദാശിക ജീവിതത്തിന്റെയും ഇടങ്ങളായിത്തീരണം. ഈ ജൂബിലി വർഷം ഇപ്രകാരം നമ്മുടെ കുടുംബങ്ങളെ രൂപാന്തരപ്പെടുത്തുവാൻ നമുക്കു പരിശ്രമിക്കാം.

പ്രിയമുള്ളവരേ, പണ്ടുകാലങ്ങളിൽ കുടുംബങ്ങൾ വിശ്വാസം പങ്കുവയ്ക്കലിന്റെ വലിയ ഇടങ്ങളായിരുന്നു. പരസ്പര വിശ്വാസം പകർന്നു നൽകിക്കൊണ്ട് സഭയുടെ സുവിശേഷ പ്രഘോഷണ കർമ്മത്തിൽ പങ്കുചേർന്നിരുന്നു. എന്നാൽ ഇന്ന് വിശ്വാസം സ്വന്തം കുടുംബങ്ങളിൽപോലും കുറഞ്ഞുവരുമ്പോൾ ഈ പങ്കുവയ്ക്കലിന്റെ, സുവിശേഷ പ്രഘോഷണത്തിന്റെ പ്രാധാന്യം കുറഞ്ഞുവരുന്നു. വി. ജോൺപോൾ രണ്ടാമൻ പാപ്പ കൂടെക്കൂടെ പറയുന്നതുപോലെ "വിശ്വാസം, അത് തുടർന്നുകൊണ്ടുപോകേണ്ട ഒരു യാഥാർത്ഥ്യമാണ്. അതു കുടുംബങ്ങളിൽ നിന്നാണ് ആരംഭിക്കേണ്ടത്." പരസ്പരം സ്നേഹിച്ച്, പരസ്പരം വിശുദ്ധീകരിച്ച്, പരസ്പരം സമർപ്പിച്ച് കുടുംബത്തിലെ ഓരോ അംഗങ്ങളും ജീവിക്കുമ്പോൾ **കുടുംബങ്ങളുടെ കുടുംബമായ സഭ** എന്നും ശക്തിയോടെ തലയുയർത്തി ഈ ലോകത്ത് വിരാചിച്ചു നിൽക്കും.

**പ്രവർത്തനത്തിന്**

1. *ഈ ജൂബിലി വർഷം എന്റെ കുടുംബം കുടുംബപ്രാർത്ഥനയിൽ എന്നും സജീവമായിരിക്കും.*
2. *സഭയോട് ചേർന്നു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും, സഭയിൽ നിന്ന് അകന്നു കഴിയുന്ന കുടുംബങ്ങളെ സഭയോട് ചേർത്തു നിർത്തുവാനും പരിശ്രമിക്കണം.*

**ചർച്ചയ്ക്ക് :**

1. *കുടുംബത്തിലെ അംഗങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം കൂടുതൽ ആഴമാക്കാൻ നാം എന്തുചെയ്യണം?*
2. *ഇടവകയിലെ വിവിധ പ്രവർത്തനങ്ങളോട് എന്റെ കുടുംബത്തിന്റെ മനോഭാവം എങ്ങനെയാണ്?*

■

## രൂപതാ കരിസ്മാറ്റിക് നവീകരണം പുതിയ നേതൃത്വം



ഫാ. ആന്റസ് പുത്തൻവീട്ടിൽ

കോട്ടപ്പുറം രൂപതാ കരിസ്മാറ്റികിന് പുതിയ നേതൃത്വം. കോട്ടപ്പുറം വികാസിലെ പ്രാർത്ഥനാമുറിയിൽ ചേർന്ന രൂപതാ പ്രവർത്തക സംഗമത്തിൽ വച്ച് പുതിയ നേതൃത്വത്തെ തിരഞ്ഞെടുത്തു.

| | |
|---|---|
| ഡയറക്ടർ | - **ഫാ. ആന്റസ് പുത്തൻവീട്ടിൽ** |
| കോഡിനേറ്റർ | - **ജോസ് കുറ്റിക്കാട്ട്** |
| സെക്രട്ടറി | - **ഗബ്രിയേൽ കൊടുങ്ങല്ലൂർ** |
| ട്രഷറർ | - **കുഞ്ഞപ്പൻ പറക്കാട്ട്** |

## ഫാമിലി അപ്പസ്തോലേറ്റിന്റെ മെയ് മാസത്തെ പരിപാടികൾ

**09, 10 & 11 തീയതികളിൽവിവാഹ ഒരുക്ക കോഴ്സ്**

11–ാം തീയതി വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള സെമിനാർ ( 2pm - 4 pm)

# രൂപത വാർത്തകൾ

## ഓശാന ഞായർ യേശുവിനോടൊപ്പമുള്ള യാത്ര : ബിഷപ്പ് ഡോ: അംബ്രോസ് പുത്തൻവീട്ടിൽ



ഓശാന ഞായർ യേശുവിനോടൊപ്പമുള്ള യാത്രയാണെന്ന് കോട്ടപ്പുറം ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻ വീട്ടിൽ. ഓശാന ഞായറിൽ കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രലിൽ അർപ്പിച്ച ദിവ്യ ബലിയിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ഈ യാത്ര വിനയത്തോടും വിശുദ്ധിയോടും സന്തോഷത്തോടും കൂടെയുള്ള യാത്രയാണ്. എല്ലാവരെയും ചേർത്തുപിടിച്ച് ആഘോഷങ്ങളും ആർഭാടങ്ങളും ഇല്ലാതെയുള്ള യാത്രയാണിതെന്നും ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ പ്രസ്താവിച്ചു.

## കോട്ടപ്പുറം രൂപത ഹോം മിഷൻ ഉദ്ഘാടനം ചെയ്തു.



സഭയുടെ ജൂബിലിയോട് അനുബന്ധിച്ച് കുടുംബ നവീകരണം ലക്ഷ്യം വച്ചുകൊണ്ട് കോട്ടപ്പുറം രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ ഹോം മിഷന് വേണ്ടിയുള്ള സിസ്റ്റേഴ്സിന്റെ ട്രെയിനിങ് പ്രോഗ്രാം കോട്ടപ്പുറം രൂപത ബിഷപ്പ് റൈറ്റ്. റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്തു. ഏപ്രിൽ, മെയ് മാസങ്ങളിൽ കോട്ടപ്പുറം രൂപതയിലെ ഇടവകകളിൽ ഹോം മിഷൻ നടത്തുന്നതിനുള്ള സിസ്റ്റേഴ്സിന്റെ രണ്ടു ദിവസത്തെ ട്രെയിനിങ് പ്രോഗ്രാമാണ് വികാസിൽ വച്ച് നടന്നത്.



നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക; നിങ്ങൾക്കു ലഭിക്കും.
യോഹ 15 : 7

## ഡോൺ ബോസ്കോയിൽ ലോകാരാഗ്യ ദിനാചരണം



ഡോൺ ബോസ്കോ ആശുപത്രിയിൽ ലോകാരാഗ്യ ദിനം ആചരിച്ചു. ആശുപത്രി ഡയറക്ടർ ഫാ. ക്ലോഡിൻ ബിവേര അദ്ധ്യക്ഷത വഹിച്ചു. മുഖ്യാതിഥി പറവൂർ നഗരസഭ അദ്ധ്യക്ഷ ശ്രീമതി ബീന ശശിധരൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. "ആരോഗ്യകരമായ തുടക്കങ്ങൾ പ്രതീക്ഷ നൽകുന്ന ഭാവികൾ" എന്ന 2025 ലോകാരോഗ്യ ദിനത്തിന്റെ പ്രതിപാദ്യത്തെ ഉൾക്കൊണ്ടുകൊണ്ട് ഡോൺ ബോസ്കോ ആശുപത്രി 'തളിർ' എന്ന ഗർഭസ്ഥ മാതാക്കൾക്കുള്ള ബോധവത്കരണ പദ്ധതിക്ക് തുടക്കം കുറിച്ചു. ഡോൺ ബോസ്കോ സ്കൂൾ ഓഫ് നഴ്സിംഗിലെ വിദ്യാർത്ഥികൾ കാഴ്ചവച്ച ദൃശ്യാവിഷ്കരണം ഏറെ വിജ്ഞാനപ്രദവും ശ്രദ്ധേയവുമായി.

## കിഡ്സ് ഇന്റർനാഷണൽ ലാങ്ക്വേജ് അക്കാദമിയിൽ ജർമ്മൻ പ്രൊഫഷണൽസ് സന്ദർശിച്ചു



കോട്ടപ്പുറം കിഡ്സിന്റെ കീഴിലുള്ള ഇന്റർനാഷണൽ ലാങ്ക്വേജ് അക്കാദമിയിൽ നഴ്സസിനെ സൗജന്യമായ് പഠിപ്പിച്ച് ജോലി ലഭ്യമാക്കുന്നതിനായ് ജർമ്മൻ റിക്രൂട്ടറായ ഫിലിപ്പും നാഷണൽ ഐ.ടി.ഐ. കളുടെ ഹബ്ബായ സ്കിൽസ് ഫോർ പ്രോഗ്രസ് ജനറൽ സെക്രട്ടറി ഡോ. സ്റ്റാൻലി ജോസഫ് എന്നിവർ സന്ദർശിച്ചു. 50 ഓളം നേഴ്സുമാർ പങ്കെടുത്തു. അവർക്ക് ഏറ്റവുമടുത്ത സമയങ്ങളിൽ ഇന്റർവ്യൂ നടത്തി ജർമ്മനിയിലേക്ക് പോകാൻ ഉള്ള അവസരങ്ങളൊരുങ്ങുന്നു.




പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി & ഫിലോസഫി ആലുവയിൽ നിന്നും **ധാർമ്മിക ശാസ്ത്രത്തിൽ** **licentiate** കരസ്ഥമാക്കിയ

**ഫാ.ടോണി കൈതത്തറ അച്ചന്**

**കോട്ടപ്പുറം രൂപത കുടുംബത്തിന്റെ**

പ്രാർത്ഥനാശംസകൾ...

# വെക്കേഷൻ ഫെയ്ത്ത് ഫെസ്റ്റിവൽ 2024–2025 (VFF)



VFF Training Programme 2024 ഏപ്രിൽ 6-ാം തിയ്യതി ഞായറാഴ്ച വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെന്ററിൽ വച്ച് രാവിലെ 9.30 മുതൽ വൈകിട്ട് 4 മണിവരെ നടത്തപ്പെട്ടു. മതബോധന ഡയറക്ടർ റവ. ഫാ. സിജോ വേലിക്കകത്തോട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനയോടെ VFF-ന് തുടക്കം കുറിച്ചു. തുടർന്ന് ബൈബിൾ പ്രതിഷ്ഠ നടത്തി. സിജോ അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. രൂപതാ വികാരി ജനറൽ വെരി റവ. മോൺ. റോക്കി റോബി കളത്തിൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. KRLCBC Commission അംഗങ്ങളായ ശ്രീ. ബോബൻ ക്ലീറ്റസ്, ശ്രീ. ബെന്നി ജെയിംസ്, ശ്രീ. അരുൺ വി. എസ് എന്നിവർ ക്ലാസ്സിന് നേതൃത്വം നൽകി. സെമിനാരി ബ്രദേഴ്സും വിവിധ യൂണിറ്റുകളിൽ നിന്നുള്ള അദ്ധ്യാപകരും പിടിഎ അംഗങ്ങളും ഉൾപ്പെടെ ഇരുന്നൂറോളം പേർ VFF Training Programme ൽ പങ്കെടുത്തു.

# ലഹരിവിരുദ്ധ സെമിനാർ




പള്ളിപ്പുറം മഞ്ഞുമാതാ ബസിലിക്കയും കേരള പോലീസും കേരള എക്സൈസും സംയുക്തമായി മദ്യ-രാസലഹരിക്ക് എതിരെയുള്ള 'കരുതൽ 2025' ബോധവത്കരണ സെമിനാർ നടത്തി. മുനമ്പം ഡിവൈഎസ്പി എസ്. ജയകൃഷ്ണൻ ഉദ്ഘാടനവും ബസിലിക്ക റെക്ടർ ഡോ.ആന്റണി കുരിശിങ്കൽ അധ്യക്ഷതയും പറവൂർ എക്സൈസ് അസി. ഓഫീസർ ബിജുനാഥ് ബോധവത്കരണ ക്ലാസ് നയിക്കുകയും ചെയ്തു.



ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി.
ഇതാ, പുതിയതു വന്നുകഴിഞ്ഞു.
2കൊറി 5 : 17

## ജബൽപൂർ സംഭവം: കോട്ടപ്പുറം രൂപത രാഷ്ട്രീയ കാര്യ സമിതി പ്രതിഷേധിച്ചു.




ജബൽപൂരിയിൽ ക്രൈസ്തവ സഭാധികാരികൾക്ക് നേരെ ഉണ്ടായ ആക്രമണങ്ങളിൽ കോട്ടപ്പുറം രൂപത രാഷ്ട്രീയകാര്യ സമിതി പ്രതിഷേധിച്ചു. കോട്ടപ്പുറം രൂപത ബിഷപ്പ് അംബ്രോസ് പുത്തൻവീട്ടിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള, പ്രത്യേകിച്ച് ക്രൈസ്തവർക്ക് നേരെയുള്ള ആക്രമണങ്ങൾ അപലപനീയമാണെന്നും ആവർത്തിക്കാതിരിക്കാൻ ഭരണകൂടങ്ങൾ ജാഗ്രത പുലർത്തണമെന്നും ആവശ്യപ്പെട്ടു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇതിനെതിരെ ശക്തമായ നടപടികൾ സ്വീകരിണമെന്നും ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള ആക്രമണം ചെറുക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തണമെന്നും രാഷ്ട്രീയകാര്യ സമിതി ആവശ്യപ്പെട്ടു. സമകാലിക രാഷ്ട്രീയ കാര്യങ്ങളും സാഹചര്യങ്ങളും യോഗം വിലയിരുത്തി.

## ശുശ്രൂഷ സമിതികളുടെ സംഗമവും നേതൃത്വ പരിശീലനവും നടത്തപ്പെട്ടു



പള്ളിപ്പുറം ഫെറോനയിലെ ഇടവകയിലുള്ള കേന്ദ്രസമിതി, ശുശ്രൂഷ സമിതികളുടെ ഫെറോനതല സംഗമവും നേതൃത്വ പരിശീലനവും ഫെറോന വികാരി റവ. ഫാ. പ്രിൻസ് പടമാട്ടുമ്മൽ ഉദ്ഘാടനം ചെയ്യുന്നു

തൃശ്ശൂർ ഫെറോനയിലെ ഇടവകയിലുള്ള കേന്ദ്രസമിതി, ശുശ്രൂഷ സമിതികളുടെ സംഗമവും നേതൃത്വ പരിശീലനവും ഫെറോന വികാരി റവ. ഫാ. ജോഷി മുട്ടിക്കൽ ഉദ്ഘാടനം ചെയ്യുന്നു.



# സാൻജോ മീറ്റ്

**കോട്ടപ്പുറം രൂപതയിലെ ദമ്പതികൾക്ക് വേണ്ടി നടത്തുന്ന സാൻജോ മീറ്റ് (ട്രെയിനിങ് പ്രോഗ്രാം) കുഞ്ഞിത്തൈ സെന്റ് ഫ്രാൻസിസ് സേവ്യർ ദൈവാലയം, അരീപ്പാലം സേക്രട്ട് ഹാർട്ട് ദൈവാലയം, കടക്കര ഇൻഫന്റ് ജീസസ് ദൈവാലയം, കടൽവാതുരുത്ത് ഹോളി ക്രോസ് ദൈവാലയം എന്നിവിടങ്ങളിൽ നടത്തി.**



കുഞ്ഞിത്തൈ സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവകയിൽ വികാരി റവ. ഫാ. പോൾ മനക്കിൽ സാൻജോ മീറ്റ് ഉദ്ഘാടനം ചെയ്യുന്നു.



അരീപ്പാലം സേക്രട്ട് ഹാർട്ട് ഇടവകയിൽ കോട്ടപ്പുറം രൂപത ചാൻസിലർ റവ. ഫാ. ഷാബു കുന്നത്തൂർ സാൻജോ മീറ്റ് ഉദ്ഘാടനം ചെയ്യുന്നു.



കടക്കര ഇൻഫന്റ് ജീസസ് ഇടവകയിൽ വികാരി റവ. ഫാ. മിഥുൻ മെന്റസ് സാൻജോ മീറ്റ് ഉദ്ഘാടനം ചെയ്യുന്നു.



കടൽവാതുരുത്ത് ഹോളി ക്രോസ് ഇടവകയിൽ വികാരി റവ. ഫാ. ജോയ് തേലക്കാട്ട് സാൻജോ മീറ്റ് ഉദ്ഘാടനം ചെയ്യുന്നു.

## കേരള ഗ്രാൻഡ് ഐക്കൺ 2025

### സീനിയർ പ്രിൻസസ്സ് ടൈറ്റിൽ വിന്നർ



**ആഗ്നേൽ എലിസബേത്ത്** പള്ളിപ്പുറം മഞ്ഞുമാതാ ബസലിക്ക ഇടവക അംഗമായ പണിക്കൻതറ ഡെൻസന്റെയും ജിനിയുടെയും മകൾ

## മേത്തല സെന്റ് ജൂഡ് ഇടവകയിൽ ഹോം മിഷൻ നടത്തി.



കോട്ടപ്പുറം രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ മേത്തല സെന്റ് ജൂഡ് ഇടവകയിൽ ഹോം മിഷൻ പ്രോഗ്രാം ഇടവക വികാരി ഫാ. ജോസഫ് ഒളാട്ടുപ്പുറം ഉദ്ഘാടനം ചെയ്തു.



ജറുസലെമേ, ധൈര്യമായിരിക്കുക. നിനക്കു പേരിട്ടവൻ തന്നെ നിനക്ക് ആശ്വാസ മരുളും.
ബാറൂ 4 : 30

## പിതാവിന്റെ ഡയറി – മെയ് 2025

| | | | | |
|---|---|---|---|---|
| 1\|5\|2025 | THURSDAY | 10.30 AM | FIRST PROFEESION OF CTC CONVENT DIACONATE AND VESTITION | KOORKKAMATTAM |
| | | 04.30 PM | MANALIKKAD SEMINARY | |
| 3\|5\|2025 | SATURDAY | 10.00 AM | MASS AND HOMILY | KOTHALANGO, N.PARAVUR |
| | | 12.30 PM | SEHION" | VIKAS |
| 4\|5\|2025 | SUNDAY | 09:30 AM | MASS | KURUVILASSERY |
| | | 05.00 PM | MASS AND FLAG HOISTING | KURIYAPPILLY |
| 5\|5\|2025 | MONDAY | 09:30 AM | COFIRMATION | THURUTHIPURAM |
| | | 04:30 PM | FORANE VICARS AND MINISTRY CO ORDINARY MEETIN | BISHOP'S HOUSE |
| 6\|5\|2025 | TUESDAY | 10.00 AM | CONFIRMATION | KURISINGAL |
| 7\|5\|2025 | WEDNESDAY | 10.30 AM | MASS | KOTTAPURAM CATHEDRAL |
| | | 04:30 PM | MASS AND HOMILY | CHERIYAPPILLY |
| 8\|5\|2025 | THURSDAY | | CASUS | BISHOP'S HOUSE |
| | | 04:30 PM | CONFIRMATION | MALAPALLIPURAM |
| 10\|5\|2025 | SATURDAY | 04:30 PM | COFIRMATION | DON BOSCO, N.PARAVUR |
| 11\|5\|2025 | SUNDAY | 08:30 AM | COFIRMATION | CATHEDRAL |
| 12\|5\|2025 | MONSDAY | 04.30 AM | CONFIRMATION | HOLY FAMILY CHURCH, CHALAKUIDY |
| 13\|5\|2025 | TUESDAY | 10.30 AM | MASS | CHETTIKAD |
| 14\|5\|2025 | WEDNESDAY | 04.00 PM | CONFIRMATION | JAPAMALARANJI, CHERAYI |
| 15\|5\|2025 | THURSDAY | 04.00 PM | CONFIRMATION | GOTHURUTH |
| 16\|5\|2025 | FRIDAY | 05.00 PM | MASS AND FLAG HOISTING | CHENDAMANGALAM |
| 17\|5\|2025 | SATURDAY | 11.00 AM | JUBILEE MASS | KOTTAPURAM |
| 18\|5\|2025 | SUNDAY | 09.00 AM | CONFIRMATION | SAMPALOOR |
| | | 04.00 PM | CONFIRMATION | PALLIPORT |
| 19\|5\|2025 | MONDAY | 04.30 PM | CONFIRMATION | AZHEECODE |
| 21\|5\|2025 | WEDNESDAY | 09.00 AM | BAPTISM OF $3^{RD}$ CHILD | CATHEDRAL |
| 23\|5\|2025 | FRIDAY | 03:30 PM | MASS :VENERABLE ZACHARIAS | MANJUMMAL |
| 24\|5\|2025 | SATURDAY | 10:30 AM | MESSAGE:SABS CONVENT | ALUVA |
| 25\|5\|2025 | SUNDAY | 03.00 PM | CONSCECRATION OF RT.REV.DR.VARGHEESE CHAKKALAKKAL | KOZHICODE |

## ലോഗോസ് ക്വിസിന്റെ ഏപ്രിൽ മാസത്തെ ഉത്തരങ്ങൾ

1. ഈ യുഗത്തിന്റെ സന്താനങ്ങൾ, 2. ഗുരോ, 3. മകളെക്കുറിച്ചുള്ള വിചാരം, 4. തെളിഞ്ഞ ആകാശവിതാനം, 5. പുനരുദ്ധാനത്തിന്റെ, 6. നിയമജ്ഞരിൽ ചിലർ, 7. അതു ന്യായയുക്തമാണ്, 8. നിയമജ്ഞർ, 9. സ്വധർമ്മം, 10. നക്ഷത്രങ്ങളുടെ ശോഭ, 11. ശങ്കയില്ലാത്ത ഒരു ജനത്തെ, 12. ദാൻ ഗോത്രക്കാർ, 13. മൂന്ന്, 14. ലായിഷ്, 15. സത്പ്രവർത്തികൾ, 16. ശിക്ഷാവിധി, 17. ഒരു സ്വൈരിണിയെ, 18. ഹെനോക്ക്, 19. ജനങ്ങൾ (ജറുസലെം നിവാസികൾ), 20. ജനങ്ങളോട്

### ശരിയുത്തരങ്ങൾ അയച്ചവർ

1. ലാനി സ്റ്റീഫൻ, മേത്തല
2. ടിസ്മി ടോമി, മേത്തല
3. ജെസ്സി സ്റ്റാൻലി, മേത്തല
4. ഗിൽഡ പോൾ, മാനാഞ്ചേരിക്കുന്ന്
5. അലൻ എം. എസ്, പള്ളിപ്പുറം
6. ഡെയ്സി ജോൺ, മേത്തല
7. സിനി സാബു, മേത്തല
8. സ്റ്റെൽമി ജോബി, മേത്തല
9. ജോസി, ജോസഫ്, മേത്തല
10. മേരി വിൻസന്റ്, മേത്തല



ശരിയുത്തരങ്ങൾ അയച്ചവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്ത വിജയി

**സിനി സാബു, മേത്തല**



## വചനധ്യാനം

# 2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം

**പഠിച്ചൊരുങ്ങാനുള്ള വചനഭാഗം**

▸ 2 കോറി 7, 8 ▸ ന്യായാ 7, 8 ▸ ലൂക്കാ 15, 18

1. കാണാതായ ആടിന്റെ ഉപമയിലെ കേന്ദ്രകഥാപാത്ര മാരാണ്?
2. ധൂർത്തപുത്രന്റെ ഉപമയിൽ ഇളയപുത്രൻ പിതാവിനോട് ആവശ്യപ്പെട്ടത് എന്ത്?
3. ധൂർത്തപുത്രൻ തിരിച്ചു വരുന്നതു കണ്ടപ്പോൾ പിതാവ് എന്താണു ചെയ്തത്?
4. ധനികനായ മനുഷ്യൻ എന്താണ് യേശുവിനോട് ചോദിച്ചത്?
5. ആശയറ്റവരെ സമാശ്വസിപ്പിക്കുന്ന ദൈവം ആരുടെ സാന്നിദ്ധ്യം വഴിയാണ് പൗലോസിന് ആശ്വാസം നൽകിയത്?
6. എന്റെ എഴുത്ത് നിങ്ങളെ -- - - - - - - ലും എനിക്ക് സങ്കടമില്ല.
7. താല്പര്യത്തോടെയാണ് നൽകുന്നതെങ്കിൽ എന്താണ് ദൈവം സ്വീകരിക്കുക.
8. യേശു ആരോടാണ് ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമ പറഞ്ഞത്?
9. ഗിദെയോൻ മിദിയാൻകാർക്കെതിരെ യുദ്ധത്തിന് പോയത് എത്ര പേരുമായാണ്?
10. മിദിയാൻ സൈന്യം മുന്നൂറു കാഹളങ്ങൾ മുഴങ്ങിയപ്പോൾ എന്താണ് ചെയ്തത്?
11. ഗിദെയോൻ പെനുവേൽ നിവാസികളോട് എന്താണ് പറഞ്ഞത്?
12. ഞാൻ നിങ്ങളെ ഭരിക്കുകയില്ല; എന്റെ മകനും ഭരിക്കുകയില്ല. പിന്നെ – - - - - - നിങ്ങളെ ഭരിക്കും.
13. ഒരു കാര്യമേ ഞാൻ ചോദിക്കുന്നുള്ളൂ. കൊള്ള ചെയ്തു കിട്ടിയ – - - - ഓരോരുത്തനും എനിക്കു തരിക.
14. എനിക്ക് നിങ്ങളോട് അസൂയ തോന്നുന്നു, എന്ന് പൗലോസ് അപ്പസ്തോലൻ പറയാൻ കാരണമെന്ത്?
15. പലരും – - - - - - പ്രശംസിക്കാറുള്ളതുപോലെ ഞാനും പ്രശംസിക്കും.
16. സുചിന്തിതമായ കാര്യങ്ങൾ എനിക്ക് ഇനിയും പറയാനുണ്ട്. – - - - - - പോലെ ഞാൻ പൂരിതനാണ്.
17. പ്രതികാരത്തിനായി സൃഷ്ടിക്കപ്പെട്ട കാറ്റുകൾ ഉണ്ട്. – - - - - - ൽ അവ ആഞ്ഞടിക്കുന്നു.
18. – - - - - - വളരെ കാര്യങ്ങൾ അറിയുന്നു. അനുഭവ സമ്പന്നൻ വിവേകത്തോടെ സംസാരിക്കുന്നു.
19. ദൈവഭക്തന്റെ ആത്മാവ് – - - - - - - ആണ്.
20. ദരിദ്രന്റെ – - - - - - - അവന്റെ ആഹാരമാണ്.

**ഉത്തരങ്ങൾ മെയ് 15 – ാം തീയതിക്ക് മുൻപായി ഇമെയിൽ വഴിയോ, കത്ത് മുഖേനയോ പേരും സ്ഥലവും ഫോൺ നമ്പർ സഹിതം ഓഫീസിൽ അറിയിക്കേണ്ടതാണ്. ശരിയുത്തരങ്ങൾ അയക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്തുന്നു.**

**ഉത്തരങ്ങൾ അയക്കേണ്ട വിലാസം**

didimoskottapuram@gmail.com

**എഡിറ്റർ, ദിദിമോസ്, കാറ്റിക്കിസം ഓഫീസ്, വികാസ്, കോട്ടപ്പുറം – 680 667**



*കർത്താവിൽ എന്നേക്കും ആശ്രയിക്കുവിൻ; ദൈവമായ കർത്താവ് ശാശ്വതമായ അഭയശിലയാണ്.*
ഏശയ്യാ 26 : 4

# MARY WARD ENGLISH MEDIUM SCHOOL (CISCE)

PUTHENVELIKARA

Affiliated to CISCE
Register No KE 068

MOB : 9495814431
Email : mward3751@gmail.com




ACADEMIC YEAR 2025 - 2026

## ADMISSIONS OPEN

*Shape Your Future With Us*

Pre KG, LKG & UKG
Grade I-VIII & Plus One

## NO DONATION

### ABOUT US

- ICSE ISC CURRICULAM
- EXPERIENCED FACULTY
- HOLISTIC EDUCATION
- INSPIRING EXCELLENCE
- ONE STUDENT AT A TIME
- CO-CURRICULAR ACTIVITIES
- WELL EQUIPPED LABORATORIES

*Latest NEWS*
*Special Sessions for*
**AI & ROBOTICS**

WE INVITE YOU TODAY TO BE PART OF SOMETHING TRULY SPECIAL.

## കിഴക്കിന്റെ പാദുവ

## ചെട്ടിക്കാട് വി. അന്തോണീസിന്റെ



# ഊട്ടുതിരുന്നാൾ

## മെയ് 13 ചൊവ്വ

മെയ് 6 ചൊവ്വ : കൊടികയറ്റം

മെയ് 20 ചൊവ്വ : എട്ടാമിടം

**തിരുക്കർമ്മ സമയം**

ചൊവ്വാഴ്ച : രാവിലെ 6.15നും 8നും 10.30നും; വൈകീട്ട് 3നും 5നും 6.30നും

ദിവ്യബലി, നൊവേന, ആരാധന


Rector, St. Antony's Shrine, Chettikkad Kunjithai P.O - 683 522, N. Paravur,Ernakulam. Dt, Kerala, India

Web : www.stantonyschettikkad.org, E-mail: stantonyschettikkad@gmail.com, പ്രാർത്ഥന സഹായത്തിന്, അന്വേഷണങ്ങൾക്ക് : Ph : 0484 2482039, 2483512

South Indian Bank, Kodungallur. A/c No : 002005300062316. IFSC: SIBL0000020